

ജൂലൈ 25-ന് നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന പ്രോട്ടോ സിഞ്ചെല്ലൂസ്
പെ. ബ. ജയിംസ് മംഗലശ്ശേരിൽ അച്ചന്
രൂപതാ കുടുംബത്തിന്റെ
മംഗളാശംസകളും പ്രാർത്ഥനകളും.

# സഹ്യനാദം

Vol. 12 No. 7 July 2015

P. L. No: 85


## കുടുംബം വിശ്വാസ പരിശീലനവേദി

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ

മാനവചരിത്രത്തോളം പഴക്കമുള്ള ഒരു സ്ഥാപനമാണ് കുടുംബം. ബൈബിളിന്റെ വീക്ഷണത്തിൽ ദൈവീക പദ്ധതിയിൽ ഇതൾ വിരിയുന്നതാണ് കുടുംബം. ഭൂമിയിലെ ആദ്യ കുടുംബത്തെപ്പറ്റി ഉല്പത്തി പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു... സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉല്പത്തി 1: 27-28). സ്ത്രീപുരുഷബന്ധം ദൈവത്താൽ സ്ഥാപിതമായി എന്ന വിശ്വാസപ്രഖ്യാപനമാണ് ഉല്പത്തി പുസ്തകത്തിൽ നാം കാണുക. ഭൂമുഖത്ത് ആദ്യത്തെ വിവാഹം നടന്നപ്പോൾ ദൈവമാണ് ആ വധൂവരന്മാരെ യോജിപ്പിച്ചതും, ഒരു കുടുംബത്തിന് തുടക്കം കുറിച്ചതും. കൂടാതെ സ്ത്രീപുരുഷബന്ധത്തെ ഇസ്രായേലും യാഹ്‌വേയും തമ്മിലുള്ള ബന്ധത്തോട് ഉപമിക്കുന്നതായും ബൈബിളിൽ നാം കാണുന്നു. "ഉത്തമഗീത"ത്തിൽ വിവാഹബന്ധത്തിന്റെ സുന്ദരമായ ആവിഷ്കാരമാണുള്ളത്. സ്നേഹവും പരസ്പരപൂരകത്വവും തുല്യതയും അവിടെ വെളിവാക്കപ്പെടുന്നു. സ്ത്രീ-പുരുഷന്മാരുടെ പരസ്പര സ്നേഹും സമർപ്പണവുമാണ് പഴയനിയമ വീക്ഷണത്തിൽ കുടുംബത്തിന്റെ അന്തസ്സത്ത. പാപത്തിന് ഈ പരിശുദ്ധമായ ബന്ധത്തെ എത്രമാത്രം വികലവും വികൃതവും ആക്കാമെന്നുള്ള സൂചനയും പഴയനിയമ പുസ്തകങ്ങൾ നല്കുന്നു. കുടുംബം വിശ്വാസപരിശീലന വേദിയാകാതിരുന്നതുമൂലം തകർന്നതിന്റെ ചരിത്രവും ബൈബിളിൽ കുറവല്ല. കുടുംബ ജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും വിജയ



ത്തിനും ദൈവത്തിന്റെ നിരന്തരമായ സാന്നിദ്ധ്യവും അനുഗ്രഹവും അത്യന്താപേക്ഷിതമാണ് എന്ന് വ്യക്തമാക്കുന്നവയാണ് അബ്രാഹം മുതലുള്ള പൂർവ്വപിതാക്കളുടെ ചരിത്രം.

പുതിയനിയമ താളുകളിലൂടെ നാം കടന്നുപോകുമ്പോൾ ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും വിശ്വസ്തതയുടെയും പരസ്പര സമർപ്പണത്തിന്റെയും പ്രതീകമായി കുടുംബങ്ങൾ നിലകൊള്ളുന്നു. പരിശുദ്ധിയുടെ പരിമളം വീശിയിരുന്ന കുടുംബത്തിലാണ് ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നത് (ലൂക്ക 2;52). ഭാര്യയെ ഉപേക്ഷിക്കലും, വ്യഭിചാരവും തള്ളിപ്പറഞ്ഞുകൊണ്ട് വിവാഹബന്ധത്തിന്റെ അവിഭാജ്യത ഈശോ അരക്കിട്ട് ഉറപ്പിച്ചു. പ്രഥമ വിശ്വാസപരിശീലന വേദിയാണ് കുടുംബം എന്നതിന് മകുടോദാഹരണമാണ് നസ്രത്തിലെ തിരുകുടുംബം. ഈശോ തന്റെ ആദ്യ അത്ഭുതം പ്രവർത്തിക്കുന്നതു തന്നെ ഒരു കുടുംബ പശ്ചാത്തലത്തിലാണ്. "നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിച്ചിരിക്കുന്നതിനും വേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക" (എഫേ 6:1-7) എന്ന് വി. പൗലോസ് ശ്ലീഹായും നമ്മെ അനുസ്മരിപ്പിക്കുന്നതിന്റെ ഉൾപ്പൊരുൾ മറ്റൊന്നല്ല.

കുടുംബത്തെ ഗാർഹിക സഭയെന്നും ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയെന്നും വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ കുടുംബത്തെ കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാടുകൾ പ്രതിഫലിക്കുന്നു. മാതാപിതാക്കളാണ് വാക്കും മാതൃകയും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടത് (LG: 11). ആധുനീകതയുടെ പേരിൽ സമൂഹത്തെയും കുടുംബത്തെയും ശിഥിലമാക്കുന്ന പ്രവണതകൾ ശക്തിപ്പെട്ടപ്പോൾ കാലാകാലങ്ങളിൽ മാർപാപ്പമാർ തങ്ങളുടെ പ്രബോധനങ്ങളിലൂടെ അതിനെതിരെ പ്രതികരിച്ചിട്ടുണ്ട്. ദൈവികവിജ്ഞാനത്തിന്റെ രഹസ്യം, വിശുദ്ധമായ വിവാഹബന്ധം, മനുഷ്യജീവൻ, കുടുംബം ഒരു കൂട്ടായ്മ, റേരും നൊവാരും, കാസ്തി കൊണ്യബീയി, ഹുമാനേ

വീത്തെ, തുടങ്ങിയ രേഖകളെല്ലാം അതിനുദാഹരണങ്ങളാണ്. വിവാഹജീവിതത്തിന്റെ ധാർമ്മികതയ്ക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നല്കുന്ന പോൾ ആറാമൻ മാർപാപ്പായുടെ "മനുഷ്യജീവൻ" (1967) എന്ന ചാക്രികലേഖനവും, കുടുംബത്തിന്റെ വിളിയും ദൗത്യവും വ്യക്തമായി അവതരിപ്പിക്കുന്ന ജോൺപോൾ രണ്ടാമന്റെ "കുടുംബം ഒരു കൂട്ടായ്മ" എന്ന അപ്പസ്തോലികലേഖനവും, കുടുംബവർഷം പ്രമാണിച്ച് അദ്ദേഹം തന്നെ എഴുതിയ "കുടുംബങ്ങൾക്കൊരെഴുത്ത്" (1994) എന്ന രേഖയും, മനുഷ്യജീവന്റെ മഹത്ത്വവും അലംഘനീയതയും പഠിപ്പിക്കുന്ന "ജീവന്റെ സുവിശേഷം" എന്ന ചാക്രികലേഖനവും സഭയുടെ കാഴ്ചപ്പാട് വ്യക്തവും ശക്തവുമായ ഭാഷയിൽ അവതരിപ്പിക്കുന്നു. ഇവയിലൂടെയെല്ലാം കുടുംബജീവിതത്തിന്റെ പ്രാധാന്യവും വിശ്വാസപരിശീനലനം കുടുംബത്തിൽ നിന്ന് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും സഭ ഊന്നിപ്പറയുന്നു.

കുടുംബം എങ്ങനെ വിശ്വാസ പരിശീലന വേദിയാക്കാം എന്ന് നമുക്ക് ചിന്തിക്കാം. "സുവിശേഷസന്ദേശത്തിനു യോജിച്ച വിധത്തിൽ ജീവിച്ചുകൊണ്ട് ക്രിസ്തീയ വിവാഹത്തിന്റെ മാതൃക ലോകത്തെ കാണിക്കാനും അങ്ങനെ ക്രിസ്തുവിന് ഉത്തമസാക്ഷികളാകാനും ക്രിസ്തീയ കുടുംബങ്ങൾക്ക് സാധിക്കും" (അല്മായ പ്രേഷിതത്വം, 11). നിരന്തരമായ പരിശീലനത്തിലൂടെ വളർത്തിയെടുക്കേണ്ട ദാനമാണ് വിശ്വാസം. ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ നിന്നും ലഭിക്കുന്ന പ്രത്യാശയിൽ ജീവിതത്തെ ക്രമപ്പെടുത്തി മുന്നേറുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്. കുടുംബം, 'ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമ വിദ്യാലയവും' 'ഉന്നത മാനവികതയുടെ പാഠശാല'യുമായിത്തീരണമെന്ന് (GS 52) കൗൺസിൽ പിതാക്കന്മാർ നമ്മെ അനുസ്മരിപ്പിക്കുന്നു. ഇതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നാമത്തേത് മാതാപിതാക്കളുടെ മാതൃകയാണ്.

വിശ്വാസം തിരതല്ലുന്ന കുടുംബത്തിൽ മാത്രമെ വിശ്വാസതീക്ഷണതയുള്ള കുഞ്ഞുങ്ങൾ വളരുകയുള്ളൂ. മാതാപിതാക്കളിൽ നിന്ന് വിശ്വാസാനുഭവം നേടുന്ന മക്കൾക്കേ ഭാവിയിൽ വിശ്വാസത്തിന്റെ തേരാളികളാകാൻ കഴിയൂ. മാതാപിതാക്കളുടെ ക്രൈസ്തവ



ജീവിത മാതൃക കുട്ടികൾക്ക് വിശ്വാസത്തിൽ വളരാൻ പ്രേരണ നൽകണം. മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവ് വിതച്ച വിശ്വാസമെന്ന വിത്തിന് പോഷണം ആദ്യമായി ലഭിക്കേണ്ടത് കുടുംബങ്ങളിലാണ്. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ ഒരുവൻ ഹൃദ്യസ്ഥമാക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നു തന്നെ. അഞ്ചു വയസ്സുവരെയുള്ള കാലഘട്ടത്തിനിടയിൽ കുട്ടിയുടെ വ്യക്തിത്വരൂപീകരണം നടക്കുമ്പോൾ അവനെ ഏററവും അധികം സ്വാധീനിക്കുകയും അവൻ മാതൃകയാക്കുകയും അനുകരിക്കുകയും ചെയ്യുക സ്വന്തം മാതാപിതാക്കളെയാണ്. ഒരു കുട്ടിയുടെ വിശ്വാസപരിശീലന അനുഭവം കുടുംബത്തിലാണ് സംഭവിക്കുന്നതെന്ന തിരിച്ചറിവ് മാതാപിതാക്കൾക്ക് ഉണ്ടാവണം. പ്രാർത്ഥിക്കുന്ന മാതാപിതാക്കളെ കാണുക എന്നതാണു കുട്ടികൾക്കു ലഭിക്കുന്ന പ്രഥമ വിശ്വാസപരിശീലനം. തങ്ങളുടെ മക്കളുടെ മനോഭാവങ്ങൾ, സമീപനരീതികൾ, ജീവിതശൈലികൾ ഇവയെല്ലാം വിശ്വാസധിഷ്ഠിതമാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ബലിയർപ്പണം വളരെ ശ്ലാഘനീയമാണ്. ക്രൈസ്തവജീവിതത്തിന്റെ ആണിക്കല്ലാണ് ദിവ്യബലി. ഏതൊരു സമൂഹത്തെയും ഒന്നിപ്പിച്ചു നിർത്തുന്ന ഐക്യത്തിന്റെ കണ്ണിയും സാഹോദര്യത്തിന്റെ ചങ്ങലയും അതുതന്നെ. കുടുംബാംഗങ്ങൾ ഒരുമിച്ച് ബലി അർപ്പണത്തിൽ പങ്കുചേരുമ്പോൾ സന്തോഷകരവും സമാധാനപൂർണ്ണവും ഐശ്വര്യപ്രദവും ആയ കുടുംബജീവിതം നയിക്കാൻ സാധിക്കും. സ്വയം ബലിയായിത്തീരാനും, മുറിച്ച് പങ്കുവയ്ക്കാനും, സാഹോദര്യത്വം പുലർത്താനും കാൽവരിയിലെ ആത്മത്യാഗത്തിന്റെ അനുസ്മരണം നമ്മെ പ്രാപ്തരാക്കുന്നു. അനുദിനം വി. ബലിയർപ്പണത്തിൽ പങ്കുചേരുന്നവരുടെ എണ്ണത്തിൽ വരുന്ന കുറവ് കുടുംബത്തിലെ വിശ്വാസത്തകർച്ചയുടെ പ്രതിഫലനമാണ്.

ദിവ്യബലിയർപ്പണത്തിലെ പങ്കുചേരൽപോലെ പ്രധാനപ്പെട്ടതാണ് സന്ധ്യാപ്രാർത്ഥനയും. കുടുംബജീവിതത്തിൽ ഒരിക്കലും മാറ്റിനിർത്താൻ പാടില്ലാത്ത ഘടകമാണ് കുടുംബാംഗങ്ങൾ ഒരുമിച്ചു

ചേർന്ന് ഏകമനസ്സോടും ഏകഹൃദയത്തോടും കൂടി നടത്തുന്ന സന്ധ്യാ പ്രാർത്ഥന. ഇന്നു നടമാടുന്ന പല കുടുംബത്തകർച്ചകൾക്കും പിന്നിലുള്ള കാരണം തിരക്കേറിയ ജീവിതവ്യഗ്രതകൾക്കിടയിൽ സന്ധ്യാപ്രാർത്ഥനക്കുള്ള സമയം ടി.വി. ചാനലുകളും, സ്മാർട്ട് ഫോണുകളും, പ്രത്യേകിച്ച് ഫേസ് ബുക്കും, മറ്റ് ഓൺലൈൻ സൗഹൃദ കൂട്ടായ്മകളും, തട്ടിയെടുക്കുന്നതല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും അപ്പം മുറിക്കൽ ശുശ്രൂഷയും ആദിമ സഭാസമൂഹത്തെ ഒന്നിപ്പിച്ചു നിറുത്തിയ പ്രധാന ഘടകങ്ങളാണെങ്കിൽ ഇന്നും കുടുംബങ്ങളെ വിളക്കിച്ചേർക്കുന്ന കണ്ണി മറ്റൊന്നല്ല (അപ്പ. നട 2:42).

നവമാധ്യമ സംസ്ക്കാരം ഇന്നത്തെ യുവതലമുറയെ മാത്രമല്ല കുരുന്നുകളെയും കുടുംബങ്ങളെയും കീഴടക്കി കഴിഞ്ഞിരിക്കുന്നു. കുടുംബാംഗങ്ങൾ പസ്പരം കാണുവാനും ഹൃദയം തുറന്ന് സംസാരിക്കുവാനും സൗഹൃദം പങ്കുവയ്ക്കുവാനും നവമാധ്യമങ്ങൾ പലപ്പോഴും തടസ്സമാകുന്നു. സഭ്യതയ്ക്കു നിരക്കാത്ത ടി. വി. സീരിയലുകളും, ധാർമ്മിക മൂല്യങ്ങളെ നിഷേധിക്കുന്നതും ആഭാസം നിറഞ്ഞതുമായ സിനിമകളും, വിദ്വേഷം വളർത്തുന്നതും വളച്ചൊടിക്കപ്പെട്ടതുമായ വാർത്തകളും വ്യക്തികളുടെ മനസ്സിനെ മലിനപ്പെടുത്തുകയും അടിമപ്പെടുത്തുകയും അസ്വസ്ഥമാക്കുകയും ചെയ്യുന്നു. എന്നാൽ വി. ചാവറപ്പിതാവിന്റെ ഹിതം പോലെ എല്ലാ ക്രൈസ്തവ കുടുംബങ്ങളിലും ഒരു കത്തോലിക്ക പ്രസിദ്ധീകരണം എങ്കിലും എത്തിയിരുന്നെങ്കിൽ ഇന്നത്തെ കുടുംബത്തകർച്ചകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാമായിരുന്നു.

വ്യക്തികൾക്ക് ജന്മം നല്കി അവരെ വളർത്തി ശരിയായ വ്യക്തിത്വത്തിനുടമകളാക്കി സമൂഹത്തിന് സംഭാവന നല്കുന്നത് കുടുംബങ്ങളാണ്. നല്ല കുടുംബങ്ങൾ രൂപപ്പെട്ടാൽ മാത്രമേ നല്ല സമൂഹങ്ങൾ രൂപപ്പെടൂ. സാമൂഹ്യപ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കേണ്ട പ്രഥമ ചുമതല മാതാപിതാക്കൾക്കുതന്നെ. സാമൂഹ്യപ്രതിബദ്ധതയുടെ ബാലപാഠങ്ങൾ ഒരുവൻ അഭ്യസിക്കുന്നത് അവന്റെ കുടുംബത്തിൽ നിന്നാണ്.



പാരമ്പര്യസുകൃതങ്ങൾ കൈമാറുക കുടുംബങ്ങളിലൂടെയാണ്. ഡോക്ടറുടെ മക്കൾ ഡോക്ടർമാരായും വക്കീലിന്റെ മക്കൾ വക്കീലന്മാരായും മാറുന്ന രീതി പണ്ടു മുതലേ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു; അതുപോലെ തന്നെയാണ് വിശ്വാസത്തിന്റെ കാര്യവും. പരമ്പരാഗതമായി കിട്ടിയ ക്രൈസ്തവമൂല്യങ്ങൾ കൈവിടാതെ കാത്തുസൂക്ഷിക്കുമ്പോൾ മഹിമയും ഐശ്വര്യവുമുള്ള കത്തോലിക്ക തറവാടുകളായി നമ്മുടെ കുടുംബങ്ങൾ എന്നും നിലനിൽക്കും. തലമുറകളായി കൈമാറി കിട്ടിയ വിശ്വാസ പൈതൃകം യാതൊരു കോട്ടവും വരുത്താതെ ജീവിച്ച് സ്വന്തമാക്കി വരും തലമുറകളിലേക്ക് പകർന്നു നല്കി നാം നമ്മുടെ തനിമ കാത്തു സൂക്ഷിക്കണം.

കുടുംബം സൗഹൃദ സമൂഹ-സൃഷ്ടിക്കുള്ള വേദിയാക്കണം. മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് സൗഹൃദം പങ്കുവയ്ക്കുന്ന കുടുംബങ്ങളിലെ മക്കൾ വഴിതെറ്റുക അപൂർവ്വമാണ്. സ്വയം മതിപ്പും മറ്റുള്ളവരെ ബഹുമാനിക്കലും വ്യത്യസ്തകളെ ഉൾക്കൊള്ളാൻ പഠിക്കുന്നതും എല്ലാം കുടുംബത്തിൽ നിന്നാണ്. കൂടുമ്പോൾ സ്നേഹത്തിന്റെ ഇമ്പമുള്ളതായി തീർന്നാൽ മാത്രമേ കുടുംബം സൗഹൃദസമൂഹമാകൂ. അതിനു വിഘാതമായി കുടുംബത്തിൽ നിലനിൽക്കുന്ന സകലതും നാം ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. അപ്പോൾ കുടുംബങ്ങൾ യഥാർത്ഥ വിശ്വാസപരിശീനവേദികളാകും.

ഇടവകയോടു ചേർന്നു നിന്നാലേ ക്രൈസ്തവ കുടുംബങ്ങൾക്ക് നിലനില്പ്പുള്ളൂ. ഇടവകാപ്രവർത്തനങ്ങളോടു സഹകരിച്ചു മുന്നോട്ടു പോകണമെങ്കിൽ ശരിയായ വിശ്വാസപരിശീലനം സിദ്ധിച്ച കുടുംബങ്ങൾ ആവശ്യമാണ്. ഇടവകദൈവാലയത്തിലെ ദൈവാരാധനയിലും അവിടെ നടത്തപ്പെടുന്ന സൺഡേ സ്കൂൾ പരിശീലനങ്ങളിലും മറ്റ് ഇടവകപ്രവർത്തനങ്ങളിലും താത്പര്യപൂർവ്വം പങ്കുചേരാനുള്ള ആഗ്രഹവും കുഞ്ഞുങ്ങൾക്കു മാതാപിതാക്കൾ കുടുംബത്തിൽ നല്കുന്ന പ്രോത്സാഹനത്തെ ആശ്രയിച്ചിരിക്കും. നല്ല മൂല്യങ്ങളും ആദർശങ്ങളും മാതാപിതാക്കളുടെ വാക്കിലൂടെയും നോട്ടത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികൾ സ്വന്തമാക്കു

മ്പോൾ അവർ നാടിനും വീടിനും ഇടവകയ്ക്കും അനുഗ്രഹമായി മാറും.

തൊഴിൽരംഗം ഏതായാലും അവിടെയെല്ലാം ക്രൈസ്തവ ചൈതന്യം പകർന്നു നല്കാൻ വിളിക്കപ്പെട്ടവനാണ് ക്രിസ്ത്യാനി. തൊഴിൽശാലയിൽ നന്നായി വർത്തിക്കണമെങ്കിൽ നല്ല കുടുംബങ്ങളിലെ പരിശീലനം ആവശ്യമാണ്. താനൊരു ക്രൈസ്തവനാണെന്ന ചിന്ത തന്റെ അനുദിന ജീവിതത്തിലൂടെ ചുറ്റുമുള്ളവരിലേയ്ക്ക് പകരാൻ കഴിയത്തക്കവിധം തന്റെ ഇടപെടലുകളെല്ലാം ക്രമീകരിച്ചു കഴിയുമ്പോൾ അവിടെയും വിശ്വാസകൈമാറ്റം നടക്കുന്നു. ഇതിനൊരുവനെ പ്രാപ്തനാക്കുന്നതാകട്ടെ വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബത്തിൽ നിന്നുള്ള വിശ്വാസപരിശീലനവും.

കുടുംബം രാഷ്ട്രീയ നേതാക്കൾക്കു രൂപം നല്കുന്ന വേദിയാകണം. ഗുണമേന്മയുള്ള, ആത്മാർത്ഥതയും സത്യസന്ധതയും അർപ്പണബോധവും ഉള്ള നേതാക്കൾ രൂപപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമായിരിക്കുമ്പോൾ അതിനുള്ള സാഹചര്യം നല്ല കുടുംബങ്ങളിൽ നിന്നേ ഉണ്ടാവു എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായ രാഷ്ട്ര നിർമ്മിതിക്ക് കുടുംബങ്ങളിൽ നിന്നും ശരിയായ വിശ്വാസ പരിശീലനം സിദ്ധിച്ച നേതാക്കൾ അനിവാര്യമാണ്.

നാളയുടെ വിധികർത്താക്കളാണ് ഇന്നത്തെ കുടുംബങ്ങൾ എന്ന് നമുക്ക് നിസംശയം പറയാൻ കഴിയും. ലോകത്തിന്റെയും സഭയുടെയും ഭാവി കുടുംബത്തിലൂടെ നിർണ്ണയിക്കപ്പെടുന്നു (കുടുംബം സ്നേഹസമൂഹം, 79) എന്ന സഭയുടെ കാഴ്ച്ചപ്പാടും ഇത്തരുണത്തിൽ സ്മരണീയമാണ്. ദൈവത്തിനു പ്രഥമ സ്ഥാനം നൽകുന്ന കുടുംബങ്ങൾക്കു മാത്രമേ ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമാകാൻ സാധിക്കൂ. പുതുതലമുറയുടെ വിശ്വാസപരിശീലനം എത്രമാത്രം ഫലപ്രദമായും കാര്യക്ഷമമായും നടക്കുന്നുവോ അതനുസരിച്ചായിരിക്കും സഭയുടെ വളർച്ചയും ഭാവിയും എന്നതിൽ രണ്ടഭിപ്രായമില്ല.



മുറിവുണക്കിയും പിണക്കങ്ങൾ ഇണക്കിയും അകലങ്ങൾ നികത്തിയും നഷ്ടപ്പെട്ടത് വീണ്ടെടുത്തും പടിയിറങ്ങിയവരെ തിരിച്ചു കയറ്റിയും ഒത്തൊരുമയോടെ വസിക്കാൻ....കൂടുമ്പോൾ സ്നേഹത്തിന്റെ ഇമ്പമുള്ളതാക്കി മാറ്റാൻ അങ്ങനെ വീടിനെ കുടുംബമായും കുടുംബത്തെ തിരുകുടുംബമായും രൂപപ്പെടുത്തുവാൻ......അതു വഴി കുടുംബങ്ങളെ കുറിച്ചുള്ള ദൈവീക സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ഈ അദ്ധ്യയന വർഷത്തിൽ എല്ലാ കുടുംബങ്ങൾക്കും കഴിയട്ടെ. അതിനായി, നമുക്ക് കുടുംബ ജീവിതത്തിന്റെ മനോഹര മാതൃകയായ പരിശുദ്ധ അമ്മയിൽ ആശ്രയിക്കാം. നമ്മുടെ കുടുംബങ്ങളെ യഥാർത്ഥ ക്രൈസ്തവകുടുംബങ്ങളായി രൂപാന്തരപ്പെടുത്തുന്ന വിശ്വാസപരിശീലന പ്രക്രിയയിൽ നമുക്ക് ആത്മാർത്ഥമായി പങ്കുചേരാം. നസ്രത്തിലെ തിരുകുടുംബം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എന്ന്,

കരിമ്പൻ **† മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

25-06-2015 ഇടുക്കി രൂപത മെത്രാൻ

ഈ ഇടയലേഖനം 2015 ജൂലൈ മാസത്തിലെ ഏതെങ്കിലുമൊരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.



C. 22 **CIRCULAR LETTER**

**(Assembly-2016)**

**Dear Archbishops, Bishops, Administrators, Superiors General, Seminary Rectors, Provincials and Coordinators,**

Greetings and regards from Bishop Sebastian Adayanthrath, Convener of the upcoming Archiepiscopal Assembly -2016 of the Syro Malabar Church.

The Assembly is a moment of Grace in the Syro-Malabar Church. It provides the faithful with an opportunity to be awakened in their Christian vocation in the Church as well as in the world. We have such Assemblies once in five years. The Church experienced God's abundant blessings in the Assemblies held in 1998, 2004 and 2010. The next - and the fourth - Major Archiepiscopal Assembly is going to be held in August 2016, along with the Synod. At this juncture, it is opportune to reflect over again on the general nature and purpose of the Syro-Malabar Major Archiepiscopal Assembly. It was the wish of the II Vat Council to intensify the apostolic activity of the People of God and to enable them to live their proper and indispensible role in the Mission of the Church (AA.l). Syro-Malabar Major Archiepiscopal Assembly can be viewed as a realization of this vision of the Catholic Church. Here the Laity, as "part of the structure of a living body", is specially invited to make their share in the functions as well as in the life of the Mystical Body of Christ, the Church.

As given in the *Code of Particular Law of the Syro-Malabar Church,* the Major Archiepiscopal Assembly is a canonical assembly, where, "in fidelity to the teachings of the Church and in obedience to the legislation given by the Roman Pontiff to the Eastern Catholic Churches," the Syro-Malabar Church responds to the contemporary issues pertaining to the life of her children in all walks of life. It gathers together representatives from all sections of our Church, and as a consultative body, it advises the Major Archbishop and the Synod on matters of major importance to the Church and her



mission. Unlike the Roman Synod which is centered on a particular theme, the Assembly of the Oriental Churches can take several concerns that affect the Church in the given context.

The previous Major Archiepiscopal Assemblies took certain relevant themes of the time and made many attempts and efforts at various levels of ecclesial life to implement the proposals and decisions. It is worth keeping them alive in our Christian witnessing. The first Assembly held in 1998 had the theme: *The Syro-Malabar Church Towards the Third Millennium - Mission and Witness',* the theme of the second Assembly held in 2004 was *Christian Family and Ministry of Education;* and the last Assembly held in 2010 had the theme: *Faith for the Protection and Fullness of Life.* The Church remembers with gratitude all those who worked hard for the success of the previous Assemblies and for the implementation of the decisions.

Unlike to the previous Assemblies, where single themes were dealt with, the Synod of Bishops held in January-2015 has decided to take up a few themes/topics for the Assembly-2016, which are relevant for our Church today. It was also the mind of the Synod to **get themes from the faithful** where the themes may find better and full relevance. Accordingly for the upcoming Assembly, themes are invited from eparchies, religious institutes, communities and individuals, from which the themes for the Agenda of the Assembly will be chosen by the Synod of our Church. During the Assembly the delegates will be invited to respond to these themes and there will be an extended Zero Hour when the delegates will have opportunity to share their views even on issues outside the agenda.

Hence may I request your Graces, Excellencies, Administrators, Major Superiors, Seminary Rectors, and Coordinators (of migrant communities as per the direction of Migrant Commission/ Apostolic Visitators) to take necessary steps in your Archdiocese/ Diocese/ Congregation/Institute/Community to get themes from the priests, religious, faithful and the persons-in-formation for the Assembly-2016. To help the faithful for such reflections and

suggestions, the Synod has proposed some themes like Family, Consecrated Life, Evangelization, Minority Rights, Alcoholism and Liturgical Unity in the Church. Themes and suggestions for the Assembly can be sent "through those convoked as *ex officio* participants or as delegates or through the secretariat of the assembly" (cfr. *Code of Particular Law of the Syro-Malabar Church,* Article 8) before 10 August, 2015, by post or through email. The participants of the Assembly are decided as per the *Code of Particular Law of the Syro-Malabar Church* (Article 6). You may also ask the faithful to enroll their proposals, themes and suggestions in the website created for the Assembly-2016 (www.smassembly.org).

A Secretariat has started functioning at Mount St. Thomas, Kakkanad in view of the Assembly-2016. A Central Organizing Committee, with Bp. Sebastian Adayanthrath as Convener, is formed to assist the faithful and to ensure an active and effective Assembly. Rev. Fr. Shaji Abraham Kochupurayil MCBS is appointed the General Secretary of the Assembly (the contact details are found in the letter head).

The Major Archiepiscopal Assembly-2016 is going to be held in an era when Holy Father Pope Francis greatly influences the Church with the message of God's infinite mercy and with his own life of simplicity. A common prayer for the success of the Assembly will be circulated at a later stage of the preparations for the Assembly. May the intercession of the Blessed Virgin Mary and St. Thomas, the Apostle help us in all our endeavors!

Yours fraternally in our Lord,

+ Sebastian Adayanthrath
Convener, Syro-Malabar Major Archiepiscopal Assembly-2016





## കാരുണ്യത്തിന്റെ വിശുദ്ധവത്സരത്തിന് ഒരുക്കമായി ഫ്രാൻസീസ് മാർപാപ്പ രചിച്ച പ്രാർത്ഥന

കർത്താവായ ഈശോയെ, സ്വർഗ്ഗീയ പിതാവ് കരുണാർദ്രനായിരിക്കുന്നതുപോലെ കരുണയുള്ളവരായിരിക്കുവാനും, നിന്നെ കാണുന്നവർ പിതാവിനെത്തന്നെയാണ് കാണുന്നതെന്നും ഞങ്ങളെ പഠിപ്പിച്ചുവല്ലോ. നിന്റെ തിരുമുഖം ഞങ്ങൾക്ക് കാണിച്ചു തരണമേ, അങ്ങനെ ഞങ്ങൾ രക്ഷപ്രാപിക്കട്ടെ.

നിന്റെ കാരുണ്യകാടാക്ഷമാണ് സക്കേവൂസിനെയും മത്തായിയെയും സമ്പത്തിന്റെ അടിമത്വത്തിൽനിന്നും, മഗ്ദലനമറിയത്തെ സൃഷ്ടവസ്തുക്കളിലുള്ള സന്തോഷത്തിൽ നിന്നും മോചിപ്പിച്ചത്. അനുതാപിയായ കേപ്പായെ നീ സ്വീകരിച്ചു. പശ്ചാത്തപിച്ച കള്ളന് നീ പറുദീസാ വാഗ്ദാനം ചെയ്തു. ദൈവീകദാനം എന്തെന്ന് അറിഞ്ഞിരുന്നെങ്കിൽ, എന്ന് നീ സമറിയാക്കാരി സ്ത്രീയോടു ഉരുവിട്ട ആ വചനം ഞങ്ങളും ശ്രവിക്കട്ടെ! നീ അദൃശ്യനായ പിതാവിന്റെ ദൃശ്യരൂപമാണല്ലോ. ക്ഷമിക്കുന്നതിലും കരുണ കാണിക്കുന്നതിലുമാണ് നിന്റെ സർവ്വശക്തിയും അടങ്ങിയിരിക്കുന്നത്. ഉത്ഥിതനായ മിശിഹായുടെ മുഖകാന്തി ലോകത്ത് ദൃശ്യമാക്കാൻ നിന്റെ സഭയെയും യോഗ്യമാക്കണമേ. അജ്ഞരും വഴിതെറ്റിയവരുമായവരോട് കരുണ കാണിക്കുവാൻ ബലഹീനരെത്തന്നെയാണല്ലോ നിന്റെ ശുശ്രൂഷ കരായി വിളിച്ചിരിക്കുന്നത്. അവരെ സമീപിക്കുന്ന സകലർക്കും ദൈവത്തിന്റെ കരുണയും സ്നേഹവുംലഭ്യമാകട്ടെ. കർത്താവേ കാരുണ്യത്തിന്റെ വിശുദ്ധ വത്സരത്തിൽ നിന്റെ പരിശുദ്ധാരൂപിയെ അയച്ച് ഞങ്ങളെ അഭിഷേചിക്കണമേ. അങ്ങനെ നിന്റെ തിരുസഭ നവീകൃതയായി നവോന്മേഷത്തോടെ എളിയവർക്കു സുവിശേഷവും, ബന്ധിതർക്കു മോചനവും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും, അന്ധർക്കു കാഴ്ചയും നല്കുമാറാകട്ടെ. കാരുണ്യത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയംവഴി നിത്യം ജീവിക്കുകയും വാഴുകയും ചെയ്യുന്ന പിതാവിനും പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമ്മേൻ.

## രൂപതക്കച്ചേരി

## C. 66/15 Monthly Recollection for Priests

ജൂലൈ മാസത്തിലെ പഠന വിഷയം: ഇടുക്കി രൂപതാ നിയമാവലി 673-690 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചു കൂടി വായിക്കുന്നു.

## C. 67/15 Pastoral Council

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 11th July 2015 (Saturday) at Atmajothy, Adimali.

Time : 10.00 am - 4.00pm.

## C. 68/15 Presbyteral Council

An ordinary meeting of the Presbyteral Council will be held on 29th July, 2015 at Bishop's House. All members are expected to be present at the meeting without fail. Topics to be included in the agenda may be sent to the Secretary before 19th July 2015.

Time: 10.00 a.m. - 4.00 p.m.

## C. 69/14 യുവ വൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2015 ജൂലൈ 13, 11.00 am മുതൽ ജൂലൈ 15, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2008 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.



## C. 70/14 ANNUAL RETREAT FOR PRIESTS

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with someone in the other batch, and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia.

The Rev. Fathers are to fulfill the following Mass intentions and report to the Curia before the 31st of December 2014.

1. For the priests of the Eparchy-1
2. Ad intentionem episcopi (Stipend to be used for charitable purposes) -4
3. Ad intentionem episcopi (Stipend to be used to meet the expenses of the retreat)-5

NB: The Mass intentions in Nos. 1 and 2 are to be fulfilled by all, while those in No. 3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them the Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

## FIRST BATCH

Venue: Sehion Retreat Center, Thavalam, Attappady
August 2nd Sunday 5.00 pm to 7th Friday 8.00 am
(The bus to Sehion Retreat Center will start at 4.00 pm from the Bishop's House, Karimpan.)

1. Fr. Ambalathinkal Francis
2. Fr. Chakkankal George
3. Fr. Chakkamkal Joby
4. Fr. Chemmarappallil Jose
5. Fr. Chenamchirayil John
6. Fr. Chittadyil Jose
7. Fr. Edavakandam Francis
8. Fr. Emmanuel Kuthanappillil
9. Fr. Irumpukuthiyil Mathew
10. Fr. Iykkara Philip
11. Fr. Kalloor John
12. Fr. Karackattu Kuriakose
13. Fr. Karikkottathil Sobin
14. Fr. Karivelickal Gorge (Jr.)
15. Fr. Karuvelil Dominic
16. Fr. Kiockal Dominic
17. Fr. Kiockal Joseph
18. Fr. Kochupurackal George
19. Fr. Kochupurackal Jose
20. Fr. Kochupurackal Sebastian
21. Fr. Kollamparampil George
22. Fr. Kumarakathukalayil Joseph
23. Fr. Kurias Kurian
24. Fr. Kuzhippallil Febin
25. Fr. Kuzhippallil George
26. Fr. Kuzhiyamplavil Jerin



27. Fr. Mangalasseryil James
28. Fr. Maniyattu Thomas
29. Fr. Mattam Kuriakose
30. Fr. Mellett Seban
31. Fr. Mulloor George
32. Fr. Mundakkattu John
33. Fr. Nadupadavil Joseph
34. Fr. Narithookil Jose
35. Fr. Niravathu George
36. Fr. Palapulickal Antony
37. Fr. Pappady Joseph
38. Fr. Parackal Philip
39. Fr. Plachickal Jose
40. Fr. Powth Joseph
41. Fr. Punnaplackal James
42. Fr. Purattu Abraham
43. Fr. Puthenpurayil Thomas
44. Fr. Puthuparambil Mathew
45. Fr. Ramachanattu Thomas
46. Fr. Souriamkuzhiyil Thomas
47. Fr. Thachaparambath Luke
48. Fr. Thachukunnel Joseph
49. Fr. Thazhathuveetil Philip
50. Fr. Thelliyankal James
51. Fr. Thenammackal Binoy
52. Fr. Thoompunkal Thomas
53. Fr. Thottiyil Joseph
54. Fr. Thumpanirappel George
55. Fr. Thumpayilputhenpurayil Cheriyan
56. Fr. Urumbil Scaria
57. Fr. Vadakkel Sebastian
58. Fr. Valiplackal Vincent

59. Fr. Valiyamangalam Thomas
60. Fr. Valiyaveettil James
61. Fr. Valavanal Mathew
62. Fr. Vattamala Thomas
63. Fr. Velingalil Joseph

## SECOND BATCH

Venue: Atmajyothi, Adimaly
September 13th Sunday 7.00 pm to 18th Friday 4.00pm
Preacher: Rev. Fr. Alexander Kureekattil

1. Fr. Arakkattu Kuriakose
2. Fr. Areeplackal Mathew
3. Fr. Alencheril Jobins
4. Fr. Ambazhathumkal James
5. Fr. Ampattukunnel Sebastian
6. Fr. Anikuzhikattil Thomas
7. Fr. Anikuzhikkattil Luke
8. Fr. Arayathinal Mathew
9. Fr. Athakkadu Mariyanad
10. Fr. Cherukunnel Johnson
11. Fr. Cheruparambil Mathew
12. Fr. Chittemariyil Mark
13. Fr. Chunayammackal Joseph
14. Fr. Chunayanmackal Francis
15. Fr. Edattel Sebastian
16. Fr. Edavazhickal George
17. Fr. Kaippanplackal Joseph
18. Fr. Kalapurackal Jose
19. Fr. Kannamthara Joseph MST
20. Fr. Karinthel George
21. Fr. Karivelickal Jose
22. Fr. Karottukocharackal Mathew



23. Fr. Kattakkayam Joseph
24. Fr. Kattupalathu Thomas
25. Fr. Kavumkal Jose
26. Fr. Keeranchira George MST
27. Fr. Kochukunnel Joseph
28. Fr. Kollakombil Joseph
29. Fr. Koloth Francis
30. Fr. Kudiyirickal Francis CMI
31. Fr. Kulamackal Thomas
32. Fr. Kummannuparambil Zacharias
33. Fr. Kunnumpuram Jose
34. Fr. Kuruppacheril Zacharias
35. Fr. Kuzhikandathil Mathew
36. Fr. Madathisseril Sebastian
37. Fr. Madukkakuzhy Mathew
38. Fr. Makkiyil James
39. Fr. Malieckal Michael
40. Fr. Maniyattu Paul
41. Fr. Marrattil Jose
42. Fr. Mattathil Philip
43. Fr. Mavelikunnel Joseph
44. Fr. Menammoottil Joseph
45. Fr. Mundakkal John
46. Fr. Nallookunnel George
47. Fr. Nambiaprambil George
48. Fr. Nechukkattu Thomas
49. Fr. Nellikunnel John
50. Fr. Paimpillil Joseph
51. Fr. Palackamattathil James
52. Fr. Palakudiyil Joseph
53. Fr. Palathinkal Joseph

54. Fr. Pancahicakl Antony
55. Fr. Parackal Thomas
56. Fr. Parakadavil James
57. Fr. Parakadavil Joseph
58. Fr. Parayankuzhiyil Thomas
59. Fr. Pattathekuzhy George
60. Fr. Perunnattu Philip
61. Fr. Pinumkal Justin
62. Fr. Podiparackal Kurian
63. Fr. Ponnambel Mathew
64. Fr. Poovathinkal Joby
65. Fr. Porimattathil Joseph
66. Fr. Pulparambil Joseph
67. Fr. Punnolil John
68. Fr. Puthiyaparambil Zacharias
69. Fr. Puthoor Thomas
70. Fr. Sauriamkuzhy James
71. Fr. Thadathil Mathew
72. Fr. Thakidiyel George
73. Fr. Thannippara Jose MST
74. Fr. Tharamuttam Mathew
75. Fr. Thengumthottathil Joseph
76. Fr. Thomas Anikuzhikkattil
77. Fr. Thottiyil Mathew
78. Fr. Thundathil Thomas
79. Fr. Thyicheril Thomas
80. Fr. Vadakara Joseph
81. Fr. Valsan Davis Kaiparambil O. Cam
82. Fr. Vazhayil Joby
83. Fr. Vengaloor Mathew
84. Fr. Vilackumaruthumkal Mathew



C. 71/14 **തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ | ജൂലൈ 3 |
| റവ. ഫാ. തോമസ് മണിയാട്ട് | " |
| റവ. ഫാ. തോമസ് നെച്ചുകാട്ട് | " |
| റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ | " |
| റവ. ഫാ. തോമസ് വട്ടമല | " |
| റവ. ഫാ. തോമസ് തൈച്ചേരിൽ | " |
| റവ. ഫാ. തോമസ് പുത്തൻപുരയിൽ | " |
| റവ. ഫാ. തോമസ് പാറയ്ക്കൽ | " |
| റവ. ഫാ. തോമസ് തൂമ്പുങ്കൽ | " |
| റവ. ഫാ. തോമസ് വലിയമംഗലം | " |
| റവ. ഫാ. തോമസ് കാട്ടുപാലത്ത് | " |
| റവ. ഫാ. തോമസ് കുളമാക്കൽ | " |
| റവ. ഫാ. തോമസ് രാമച്ചനാട്ട് | " |
| റവ. ഫാ. തോമസ് പുത്തൂർ | " |
| റവ. ഫാ. തോമസ് തുണ്ടത്തിൽ | " |
| റവ. ഫാ. തോമസ് പറയൻകുഴിയിൽ | " |
| റവ. ഫാ. തോമസ് ശൗര്യാംകുഴി | " |
| റവ. ഫാ. കുര്യാക്കോസ് മറ്റം | ജൂലൈ 15 |
| റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് | " |
| റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ | " |
| റവ. ഫാ. കുര്യൻ കുര്യാസ് | " |
| റവ. ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | " |
| റവ. ഫാ. ജയിംസ് മംഗലശ്ശേരിൽ | ജൂലൈ 25 |
| റവ. ഫാ. ജയിംസ് പാലക്കാമറ്റത്തിൽ | " |
| റവ. ഫാ. ജയിംസ് പാറക്കടവിൽ | " |
| റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ | " |
| റവ. ഫാ. ജയിംസ് ശൗര്യാംകുഴി | " |
| റവ. ഫാ. ജയിംസ് ചക്കാങ്കൽ | " |
| റവ. ഫാ. ജയിംസ് മാക്കിയിൽ | " |
| റവ. ഫാ. ജയിംസ് പുത്തേട്ട് | " |

റവ. ഫാ. ജയിംസ് തെള്ളിയാങ്കൽ ”
റവ. ഫാ. ജയിംസ് വലിയവീട്ടിൽ ”
റവ. ഫാ. ജയിംസ് അമ്പഴത്തിങ്കൽ ”

## C. 64/15 സമർപ്പിത വർഷം

**മേഖലാതല സമർപ്പിത-വൈദികസംഗമം**

പാറത്തോട്, വെള്ളത്തൂവൽ, കൂമ്പൻപാറ, രാജാക്കാട് ഫൊറോനകളിലെ എല്ലാ വൈദികരും സമർപ്പിതരും ഒന്നുചേരുന്ന സമർപ്പിതസംഗമം അടിമാലി ആത്മജ്യോതിയിൽ ആഗസ്റ്റ് 14-ന് നടക്കുന്നു. രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30-ന് സമാപിക്കുന്നതായിരിക്കും. ശ്രീ. അലക്സാണ്ടർ ജേക്കബ് IPS ആയിരിക്കും ക്ലാസ് നയിക്കുക.

## C. 72/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

### ഈശോയെ അനുഗമിക്കുന്ന ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 18,18-19,27)**

പൗരോഹിത്യ ആദ്ധ്യാത്മികത മിശിഹാശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികതയാണ്. പൗരോഹിത്യശുശ്രൂഷ ശ്ലൈഹികശുശ്രൂഷയാണല്ലോ. പന്ത്രണ്ടു ശ്ലീഹന്മാരെ ഈശോ തിരഞ്ഞെടുത്തത് തന്നെ അനുഗമിച്ചിരുന്ന ശിഷ്യഗണത്തിൽനിന്നുമാണ് (ലൂക്കാ 6,13). അതുകൊണ്ടു ശിഷ്യത്വത്തിൽ അഭ്യസിപ്പിക്കപ്പെടുന്നവർക്കാണ് ശ്ലൈഹികശുശ്രൂഷയുടെ തുടർച്ചയായ പൗരോഹിത്യശുശ്രൂഷ ശരിയായ വിധം നിർവഹിക്കുവാൻ സാധിക്കുക. മിശിഹാശിഷ്യത്വം ജീവിക്കുവാൻ ഈ വചനഭാഗത്തെക്കുറിച്ചുള്ള ധ്യാനചിന്തകൾ പുരോഹിതർക്കു സഹായകമാകും.



ജറുസലേമിലേക്കുള്ള ഈശോയുടെ യാത്രയുടെ വിവരണത്തിന്റെ അവസാനഭാഗത്തു നടക്കുന്ന സംഭവങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഈശോയും ധനികനായ അധികാരിയും (18,18-30), മൂന്നാം പീഡാനുഭവപ്രവചനം (18,31-34), അന്ധനു കാഴ്ച നല്കുന്നത് (18,35-43), ഈശോ സക്കേവൂസിന്റെ ഭവനത്തിൽ (19,1-10), പത്തു നാണയങ്ങളുടെ ഉപമ (19,11-27) എന്നിവയാണ് ഈ സംഭവങ്ങൾ. ഈശോയുടെ ആഘോഷമായ ജറുസലേം പ്രവേശനത്തിന് (19,28-46) ഒരുക്കമായ ഈ സംഭവങ്ങൾ ഈശോയെ അനുഗമിക്കുന്ന ശിഷ്യത്വജീവിതത്തിന്റെ പ്രത്യേകതകളെ എടുത്തുകാണിക്കുന്നവയാണ്. ധനികനായ അധികാരിയോട് ഈശോ പറയുന്നു: "അനന്തരം വന്ന് എന്നെ അനുഗമിക്കുക" (18,22). അതേത്തുടർന്ന് ജറുസലേമിലേക്ക് തന്നെ അനുഗമിക്കുന്ന പന്ത്രണ്ടു ശ്ലീഹന്മാരോട് തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനം നടത്തുന്നു (18,31-34). പിന്നീട്, ഈശോ അത്ഭുതകരമായി കാഴ്ച നല്കിയ, അന്ധനായിരുന്ന മനുഷ്യൻ, ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് ഈശോയുടെ പിന്നാലെ പോകുന്നു (18,43). മഹത്ത്വീകരണത്തിലേക്കുള്ള യാത്രയുടെ അവസാനഘട്ടത്തിൽ നടക്കുന്ന ഈ സംഭവങ്ങളെല്ലാം ഈശോയെ അനുഗമിക്കുന്ന ജീവിതത്തിന്റെ വിവിധ വശങ്ങൾ എടുത്തുകാണിക്കുന്നവയാണ്.

**1. പരമാവധിസ്നേഹത്തിന്റെ ജീവിതം**

"*അതുകേട്ട് ഈശോ പറഞ്ഞു: ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക*" (18,22).

"നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം?" എന്നു ചോദിച്ച് ഒരു അധികാരി ഈശോയെ സമീപിക്കുന്നു (18,18). സമാനമായ ഒരു ചോദ്യവുമായി ജറുസലേംയാത്രാവിവരണത്തിന്റെ ആദ്യഭാഗത്ത് ഒരു നിയമജ്ഞൻ ഈശോയെ സമീപിച്ചിരുന്നു (ലൂക്കാ 10,25-37). ഈ രണ്ടു സംഭവങ്ങളും സമാന്തരങ്ങളാണ്. ഇവിടെ, പ്രമാണങ്ങൾ പാലിക്കുക എന്ന മറുപടിയാണ് ഈശോ നല്കുന്നത് (18,20). ആദ്യ സന്ദർഭത്തിൽ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തി

ന്റെയും പ്രമാണങ്ങൾ പാലിക്കുക എന്ന മറുപടിയാണ് ഈശോ നല്കിയത് (ലൂക്കാ 10,25-27). രണ്ടും സാരാംശത്തിൽ ഒന്നുതന്നെയാണ്. പക്ഷേ, ഇവിടെ പ്രത്യേകതയായി കാണുന്നത് മനുഷ്യബന്ധങ്ങളെ സ്പർശിക്കുന്ന പ്രമാണങ്ങൾ മാത്രമേ ഈശോ പറയുന്നുള്ളു എന്നതാണ്. യഹൂദ ആദ്ധ്യാത്മികതയിലുണ്ടായിരുന്ന ഒരു വികലതയെ സൂചിപ്പിക്കുവാനും ക്രിസ്തീയ ആദ്ധ്യാത്മികതയുടെ തനിമ എടുത്തുകാണിക്കുവാനുമായിരിക്കണം ഈ വിധത്തിലുള്ള മറുപടി ഈശോ നല്കുന്നത്. ദൈവത്തിനു കൊടുക്കുന്നതിന്റെ പേരിൽ മനുഷ്യബന്ധങ്ങളെ മാനിക്കാത്ത ഒരു ആദ്ധ്യാത്മികതയാണ് യഹൂദരുടെയിടയിലുണ്ടായിരുന്നത്. നല്ല സമറിയാക്കാരന്റെ ഉപമ ഇതിനു നല്ല ഒരു ഉദാഹരണമാണ് (ലൂക്കാ 10,30-37). ആരെങ്കിലും തന്റെ പിതാവിനോടോ മാതാവിനോടോ എന്നിൽനിന്നു നിങ്ങൾക്കു ലഭിക്കേണ്ടത് വഴിപാടായി നല്കിക്കഴിഞ്ഞു എന്നു പറഞ്ഞാൽ പിന്നെ അവൻ അവരെ സംരക്ഷിക്കേണ്ടതില്ല എന്ന് യഹൂദപാരമ്പര്യം പറഞ്ഞിരുന്നു (മത്താ 15,5). എന്നാൽ ക്രിസ്തീയ ആദ്ധ്യാത്മികത മനുഷ്യകേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികതയാണ്. മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35) എന്നതാണല്ലോ പുതിയ ഉടമ്പടിയുടെ കല്പനയും.

"ചെറുപ്പംമുതലേ ഞാൻ ഇവയെല്ലാം പാലിച്ചിട്ടുണ്ട്" എന്നു പറഞ്ഞ അധികാരിയോട് "ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക" (ലൂക്കാ 18,22). എന്നാണ് ഈശോ പറഞ്ഞത്. ഇതിലൂടെ ഈശോ ആവശ്യപ്പെടുന്നത് പൂർണ്ണതയിലുള്ള പ്രമാണാനുഷ്ഠാനമാണ്. "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ" എന്നാണല്ലോ മത്തായിസുവിശേഷകൻ ഈ സന്ദർഭത്തിൽ പറയുന്നത് (മത്താ 19,21). വി. മത്തായിയുടെ സുവിശേഷത്തിൽ 'പൂർണ്ണത' സ്നേഹത്തിന്റെ പൂർണ്ണതയാണ്. ശത്രുക്കളെപ്പോലും സ്നേഹിക്കുവാൻ തയ്യാറാകുന്ന സ്നേഹം (മത്താ 5,43-48). അധികാരി ഈ പ്രമാണങ്ങൾ പാലിച്ചിരുന്നത് 'അരുതുകളിൽ' ഒതുങ്ങി നിന്നുകൊണ്ടാണ്. 'അരുതുകൾ'



ചൂണ്ടുപലകകളാണ്; 'ആകേണ്ടതുകളി'ലേക്കുള്ള ചൂണ്ടുപലകകൾ! ഉദാഹരണത്തിന്, 'കൊല്ലരുത്' എന്ന പ്രമാണം നിന്റെ സഹോദരന്റെ ജീവൻ സംരക്ഷിക്കുവാൻ നീ ചെയ്യേണ്ടതു മുഴുവൻ ചെയ്യണം എന്നതിന്റെ ചൂണ്ടുപലകയാണ്. അങ്ങനെ എല്ലാ പ്രമാണങ്ങളും പരമാവധി സ്നേഹത്തോടെ അഥവാ പൂർണ്ണമായ സ്നേഹത്തോടെ പാലിക്കുന്ന ഒരു ജീവിതമാണ് ഈശോ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത്. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുത്തിട്ട് എന്നെ അനുഗമിക്കുക എന്നതാണല്ലോ ഈശോയുടെ ആഹ്വാനം. തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ എല്ലാവരെയും പരമാവധി സ്നേഹിക്കുന്ന ഒരു ജീവിതമായിരിക്കണം മിശിഹാശിഷ്യന്റേത്. അപ്രകാരമൊരു ജീവിതമായിരിക്കണം അജപാലനസ്നേഹം മുഖമുദ്രയാക്കിയിരിക്കുന്ന പുരോഹിതന്റേതും.

**2. അനുദിനം കുരിശെടുക്കുന്ന ജീവിതം**

"*അവൻ പന്ത്രണ്ടു പേരെയും അടുത്തുവിളിച്ചു പറഞ്ഞു: ഇതാ, നമ്മൾ ജറുസലേമിലേക്കു പോകുന്നു. മനുഷ്യപുത്രനെപ്പറ്റി പ്രവാചകന്മാർവഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും. അവൻ വിജാതീയർക്ക് ഏല്പിക്കപ്പെടും*" (18,31).

ഈശോയുടെ മൂന്നാം പീഡാനുഭവപ്രവചനമാണ് ഈ സുവിശേഷഭാഗം. തന്റെ ആരോഹണത്തിൽ ജറുസലേമിലേക്കു കയറിപ്പോകാൻ ആരംഭിക്കുന്നതിനു തൊട്ടുമുമ്പായിരുന്നു പീഡാനുഭവത്തെക്കുറിച്ചുള്ള ആദ്യത്തെ രണ്ടു പ്രവചനങ്ങളും നടത്തിയത് (ലൂക്കാ 9,22; 43-45). ഇവയ്ക്കുശേഷം ജറുസലേമിലേക്കുള്ള യാത്രയ്ക്കിടയിൽ പലപ്പോഴും ഈശോ തന്റെ പീഡാനുഭവം സൂചിപ്പിച്ചിട്ടുണ്ട് (9,31; 13,33; 17,25). എങ്കിലും യാത്ര അവസാനിക്കാറാകുമ്പോൾ ഒരിക്കൽക്കൂടി ഈശോ അതേപ്പറ്റി പ്രവചിക്കുകയാണ്. ഇതിൽ മറ്റു രണ്ടു പീഡാനുഭവപ്രവചനങ്ങളിൽ പറയാത്ത കാര്യങ്ങൾചേർത്തു വിപുലീകരിച്ചിട്ടുണ്ട്. 1. "അവൻ പന്ത്രണ്ടു പേരെയും അടുത്തുവിളിച്ചു പറഞ്ഞു"; 2. "മനുഷ്യപുത്രനെപ്പറ്റി പ്രവാചകന്മാർവഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും" (18,31). പന്ത്രണ്ടു പേരെയും അടുത്തുവിളിച്ചു പറഞ്ഞു എന്നു പറയുന്നത് ഈ സന്ദേശം അവർ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണെന്നു സൂചിപ്പിക്കുന്നു. അവിടുത്തെ ശിഷ്യത്വ

ത്തിൽ ജീവിക്കുന്നവരും അവിടുത്തെ ദൗത്യം തുടർന്നു നിർവഹിക്കുന്നവരും ഈശോയുടെ മനുഷ്യപുത്രനടുത്ത വ്യക്തിത്വത്തിന്റെ പ്രത്യേകത മനസ്സിലാക്കണം. അതുപോലെതന്നെ, ഇതു ദൈവത്തിന്റെ വ്യക്തമായ പദ്ധതിപ്രകാരമാണെന്നതും അവർ മനസ്സിലാക്കേണ്ടതുണ്ട്. അതു സംഭവിച്ചില്ല എന്നു സുവിശേഷകൻ എടുത്തുപറയുന്നുണ്ട്: "ഇക്കാര്യങ്ങൾ ഒന്നും അവർ ഗ്രഹിച്ചില്ല. ഈ പറഞ്ഞതിന്റെ പൊരുൾ അവരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു; അവൻ സംസാരിച്ചവ അവർ മനസ്സിലാക്കിയതുമില്ല" (18,34). ഇതു മാനുഷികമായി മനസ്സിലാക്കാൻ സാദ്ധ്യമല്ല. ദൈവം മനസ്സു തുറന്നാലേ ഇതു മനസ്സിലാക്കുവാൻ കഴിയുകയുള്ളു എന്ന് എമ്മാവൂസ് സംഭവം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പിന്നീട് വിശുദ്ധ ലിഖിതം ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നുവെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നുമുണ്ട് (ലൂക്കാ 24,25-27; 44-45). ദൈവപദ്ധതിപ്രകാരമുള്ള ഈശോയുടെ വ്യക്തിത്വം മനുഷ്യപുത്രന്റേതായ സഹനത്തിന്റെയും മഹത്ത്വത്തിന്റെയും വ്യക്തിത്വമാണ്. അതു മനസ്സിലാക്കി ഈശോയെ അനുഗമിക്കുവാൻ ശിഷ്യത്വം ജീവിക്കുന്ന പുരോഹിതർക്കു കഴിയണം.

മനുഷ്യപുത്രനായ തന്നെ അനുഗമിക്കുന്ന ജീവിതം അവശ്യം കുരിശെടുക്കേണ്ട ജീവിതമാണെന്ന് ആദ്യത്തെ പീഡാനുഭവ പ്രവചനസന്ദർഭത്തിൽത്തന്നെ ഈശോ വെളിപ്പെടുത്തുന്നുണ്ട്: "അവൻ എല്ലാവരോടുമായി പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ 9,23). അനുദിനം കുരിശെടുക്കണം എന്നത് ലൂക്കാസുവിശേഷകനിൽമാത്രം കാണുന്നതാണ്. കുരിശെടുക്കുന്ന ജീവിതം നിരന്തരമായി നയിക്കണം എന്ന് ഇതു സൂചിപ്പിക്കുന്നു. 'സ്വയം ത്യജിക്കുക' എന്ന വാക്കിന് 'സ്വയം നിഷേധിക്കുക' എന്ന അർത്ഥമാണുള്ളത്. പത്രോസ് ഈശോയെ നിഷേധിച്ചപ്പോൾ പറഞ്ഞത് "ഞാൻ അവനെ അറിയുകയില്ല" എന്നാണ് (ലൂക്കാ 22,57). ഈശോയുടെ അസ്തിത്വംതന്നെ മറന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്. സാധാരണഗതിയിൽ സ്വന്തം അസ്തിത്വത്തിനു പ്രഥമ പ്രാധാന്യം നല്കുവാനുള്ള പ്രവണതയാണ് നമുക്കുള്ളത്. ഈശോയെ അനുഗമിക്കുന്നവർ സ്വയം



മറന്ന് അവിടുത്തേക്കുവേണ്ടി ജീവിക്കണം. അങ്ങനെ ജീവിക്കുമ്പോൾ ഈശോയോടുള്ള വിശ്വസ്തത നിലനിർത്താൻ അനേകം വിപരീതസാഹചര്യങ്ങൾ നേരിടേണ്ടതായി വരും. അതെല്ലാം സഹനത്തിനു കാരണമാകും. അവയുടെ മദ്ധ്യേ വിശ്വസ്തതയോടുകൂടി നയിക്കുന്ന ജീവിതമാണ് കുരിശെടുക്കുന്ന ജീവിതം. പുരോഹിതജീവിതം അവശ്യം അനുസരണാജീവിതമാണ്; സ്വയം മറന്നുകൊണ്ടുള്ള ജീവിതമാണ്. മെത്രാനോടും പുരോഹിതകൂട്ടായ്മയോടുമുള്ള പ്രതിബദ്ധത അനുസരണം ആവശ്യപ്പെടുന്ന ഒന്നാണ്. അതുകൊണ്ട് സ്വയം മറന്നുകൊണ്ടുള്ള, കുരിശെടുക്കുന്ന ജീവിതം നിരന്തരം പുരോഹിതജീവിതത്തിൽ അന്വർത്ഥമാകണം.

**3. വിശ്വാസത്താൽ പ്രകാശിതമായ ജീവിതം**

"*തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് ഈശോയുടെ പിന്നാലെ പോയി. ഇതു കണ്ട് എല്ലാവരും ദൈവത്തെ സ്തുതിച്ചു*" (18,43).

ജറുസലേമിലേക്കുള്ള തന്റെ യാത്രയിൽ ഈശോ ചെയ്യുന്ന അവസാനത്തെ അത്ഭുതമാണ് അന്ധനായ ഒരു യാചകനു കാഴ്ച നല്കിയത്. "നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" എന്ന അധികാരിയുടെ ചോദ്യത്തിനും (ലൂക്കാ 18,18) "അങ്ങനെയെങ്കിൽ രക്ഷ പ്രാപിക്കാൻ ആർക്കു കഴിയും?" എന്ന ശിഷ്യരുടെ ചോദ്യത്തിനും (ലൂക്കാ 18,26) ഉള്ള മറുപടിയാണ് അന്ധനായ യാചകന് കാഴ്ച നല്കുന്ന അത്ഭുതവും (18,35-43) സക്കേവൂസും ഈശോയുമായി കണ്ടുമുട്ടുന്ന സംഭവവും (19,1-10). "ദാവീദിന്റെ പുത്രനായ ഈശോയേ, എന്നിൽ കനിയണമേ" എന്നാണ് അന്ധൻ ആവർത്തിച്ചു പ്രാർത്ഥിക്കുന്നത് (18,38-39). യഹൂദർ സാധാരണ പ്രാർത്ഥിക്കുന്നത് ദൈവത്തോടാണ്. ഈ അന്ധയാചകനാണ് ആദ്യമായി ഈശോയെ നേരിട്ട് "ദാവീദിന്റെ പുത്രൻ" എന്നു വിളിച്ചപേക്ഷിക്കുന്നത്. "നീ മിശിഹാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക" എന്നു പറഞ്ഞുകൊണ്ട് തന്നെ സമീപിച്ച യഹൂദർക്ക്, പിതാവ് അഭിഷേകം ചെയ്ത് (മിശിഹായായി) ലോകത്തിലേയ്ക്കയച്ച ദൈവപുത്രനാണ് താൻ എന്ന് ഈശോ വ്യക്തമായി മറുപടി കൊടുത്തു (യോഹ 10,24,36). എന്നാൽ യഹൂദർ ഈശോയെ മിശി

ഹായായി അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്തില്ല. ഈ അന്ധനായ യാചകൻ 'ദാവീദിന്റെ പുത്രനായ ഈശോയേ' എന്നു വിളിച്ചപേക്ഷിച്ചുകൊണ്ട് ഈശോയെ മിശിഹായായി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഈശോ, മിശിഹായാണെന്നു വിശ്വസിക്കുന്നവർക്കാണല്ലോ ജീവനുണ്ടാകുന്നത് (യോഹ 20,30-31). മുമ്പേ പോയിരുന്നവർ, നിശബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചപ്പോൾ അവൻ കൂടുതൽ ഉച്ചത്തിൽ 'ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ' എന്നു നിലവിളിച്ചുകൊണ്ടിരുന്നു (18,39). മിശിഹായിലുള്ള അവന്റെ വിശ്വാസസ്ഥിരതയാണ് ഇവിടെ വ്യക്തമാകുന്നത്.

"ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" എന്ന് ഈശോ ചോദിച്ചപ്പോൾ അവൻ പറഞ്ഞു: "കർത്താവേ, എനിക്കു കാഴ്ച വീണ്ടുകിട്ടണം" (18,41). "ദാവീദിന്റെ പുത്രനെ" "കർത്താവ്" എന്ന് അന്ധൻ വിളിക്കുമ്പോൾ അത് സങ്കീർത്തനം 110,1 ൽ പറഞ്ഞിരിക്കുന്നതുപോലെ ദാവീദുതന്നെ തന്റെ പുത്രനെ "കർത്താവ്" എന്നു വിളിച്ചതിനെ അനുസ്മരിപ്പിക്കുന്നു. ഈശോയെ "കർത്താവ്" എന്നു വിളിക്കുന്നത് ക്രിസ്തീയ പാരമ്പര്യമാണ്. "ഈശോ കർത്താവാണ്" എന്നത് ആദിമസഭയുടെ വിശ്വാസപ്രമാണമാണ്. പൗലോസ്ശ്ലീഹാ പറയുന്നു: "ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല" (1 കൊറി 12,3). അന്ധയാചകന്റെയും ശിഷ്യന്മാരുടെയും വിശ്വാസാധിഷ്ഠിത ദർശനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. കാഴ്ച നല്കാൻ അധികാരമുള്ളവനും ദാവീദിന്റെ പുത്രനായ മിശിഹായും കർത്താവുമായി ഈശോയെ അന്ധൻ കാണുകയും തന്റെ വിശ്വാസം പ്രാർത്ഥനയിലൂടെ അയാൾ ഏറ്റു പറയുകയും ചെയ്യുന്നു. അതേസമയം, ഈശോയുടെ പീഡാസഹന ഭാഗധേയവും അതിന്റെ പിന്നിലുള്ള ദൈവികപദ്ധതിയും, ഗ്രഹിക്കുവാനും സ്വീകരിക്കുവാനും ശിഷ്യർക്കു കഴിയുന്നില്ല (18,31-34). ഈശോ ആരെന്നു മനസ്സിലാകണമെങ്കിൽ, ഈശോയെ അനുഗമിക്കണമെങ്കിൽ, വിശ്വാസക്കാഴ്ച വേണം. അന്ധനായ യാചകൻ ആ വിധത്തിൽ, വിശ്വാസക്കാഴ്ചയോടുകൂടി ഈശോയെ സമീപിച്ചു. അതിന്റെ ഫലമായി അവന് ബാഹ്യമായ കാഴ്ച ലഭിച്ചു; അതോടൊപ്പം ഈശോയെ അനുഗമിക്കുവാനുള്ള കഴിവും ലഭിച്ചു: "ഈശോ പറഞ്ഞു: നിനക്കു കാഴ്ച



യുണ്ടാകട്ടെ. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തൽക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ... ഈശോയെ അനുഗമിച്ചു" (18,42-43). നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതൻ അവിടുത്തെ പൗരോഹിത്യത്തിന്റെ തനതാത്മകത മനസ്സിലാക്കി അവിടുത്തെ അനുഗമിക്കുന്നവനായിരിക്കണം.

**4. രക്ഷാകരസ്നേഹത്താൽ പരിവർത്തനംവന്ന ജീവിതം**

"*ഈശോ അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്. നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്*" (19,9-10).

ഈശോയും സക്കേവൂസും തമ്മിൽ കണ്ടുമുട്ടുന്ന ഈ സംഭവം ലൂക്കാസുവിശേഷകൻ മാത്രമേ വിവരിക്കുന്നുള്ളൂ. സക്കേവൂസ് എന്ന പേരിന്റെ അർത്ഥം നിസ്സാരൻ, ചെറിയവൻ, എന്നൊക്കെയാണ്. പക്ഷേ ഈ ചെറിയവന്റെ കഥ വലിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ട്. ഉയരത്തിൽ ചെറിയവനെങ്കിലും, സമ്പന്നനും ചുങ്കക്കാരിൽ പ്രധാനിയുമായിരുന്ന സക്കേവൂസ് ദൈവരാജ്യത്തിൽ വലിയവനായിത്തീർന്ന സംഭവമാണിത്. "ഈശോ ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നുപോകുകയായിരുന്നു" (19,1). ഈശോയുടെ 'പ്രവേശനത്തിനും' 'കടന്നുപോകലിനും' വി. ലൂക്കായുടെ സുവിശേഷത്തിൽ രക്ഷാകരമായ സൂചനകളുണ്ട്. ഈശോ പ്രവേശിക്കുന്നത് രക്ഷാകരമായ വചനത്തോടും സൗഖ്യദായകമായ ശുശ്രൂഷയോടുംകൂടിയാണ് (ലൂക്കാ 4,16; 6,6; 7,1.36.45; 8,51; 17,11; 24,29). പഠിപ്പിക്കാനും സൗഖ്യം നല്കാനുമാണ് ഈശോ കടന്നുപോകുന്നതും (8,2; 17,11). രക്ഷാദായകമായ ഈ കടന്നുപോകലിന്റെ സന്ദർഭത്തിലാണ് സക്കേവൂസിന്റെ ജീവിതത്തിലേക്ക് രക്ഷാകരസ്നേഹവുമായി ഈശോ കടന്നുവരുന്നത്. സക്കേവൂസ് ധനികനായിരുന്നു; പക്ഷേ, സന്തോഷവും സംതൃപ്തിയുമനുഭവിക്കുന്ന ഒരു വ്യക്തിയായിരുന്നില്ല. സമ്പത്തിന്റെ പുറകേയുള്ള ഓട്ടം അയാളെ ഒറ്റപ്പെടുത്തുകയും അസംതൃപ്തനാക്കുകയും ചെയ്തിരുന്നു. പാപിയും സമൂഹഭ്രഷ്ടനുമായിരുന്ന സക്കേവൂസ് ഈശോയെ കാണാൻ അതിയായി ആഗ്രഹിച്ചു. പക്ഷേ, അവന്റെ പൊക്കക്കുറവ് ജനക്കൂട്ടത്തി

നിടയിൽ ഈശോയെ കാണുന്നതിന് അവനു തടസ്സമായി. അതുകൊണ്ടാണ് അവൻ സിക്കമൂർമരത്തിൽ കയറിയിരുന്നത്. ഈശോ അവിടെ വന്നപ്പോൾ മുകളിലേക്കു നോക്കിപ്പറഞ്ഞു: "സക്കേവൂസ്, വേഗം ഇറങ്ങിവരിക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (19,5). സക്കേവൂസിനും ഭവനത്തിനും രക്ഷാകര സ്നേഹം കൊടുക്കുക എന്നത് ഈശോയെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ പദ്ധതിയാണ് എന്ന് ഈശോ ഇതിലൂടെ സൂചിപ്പിക്കുകയാണ്. ദൈവത്തിന്റെ രക്ഷാകരസ്നേഹവും സന്തോഷവും അനുഭവിക്കുവാൻ കാത്തിരിക്കുന്ന മനുഷ്യർക്ക് അത് എത്തിച്ചുകൊടുക്കുവാനുള്ള തീക്ഷ്ണത പുരോഹിതർക്കുണ്ടായിരിക്കണം.

വീട്ടിൽ താമസിക്കാൻ ഇഷ്ടപ്പെടുന്ന ഈശോയെ സക്കേവൂസ് തന്റെ വീട്ടിൽ സന്തോഷത്തോടെ സ്വീകരിക്കുന്നു (19,6). അതേത്തുടർന്ന് "സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ, നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു" (19,8). ഈശോയുടെ രക്ഷാകരമായ സ്നേഹത്തിന്റെ കടന്നുവരവ് സക്കേവൂസിന്റെ ജീവിതത്തിൽ പശ്ചാത്താപവും മാനസാന്തരവും ഉളവാക്കുന്നു. മാനസാന്തരത്തിന്റെ ഫലങ്ങളായ സ്നേഹത്തിന്റെ നല്ല പ്രവൃത്തികളാണല്ലോ ഉള്ളതു മറ്റുള്ളവരുമായി ഉദാരതയോടെ പങ്കുവയ്ക്കുന്നത് (ലൂക്കാ 3,8-14). സമ്പത്തു നല്കാനുള്ള സന്നദ്ധത സക്കേവൂസ് പ്രസ്താവിച്ച ഉടനെ ഈശോ പ്രഖ്യാപിക്കുന്നു: "ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്" (19,9-10). ഈശോയുടെ രക്ഷാകരസ്നേഹം പാപബോധമുള്ള മനുഷ്യനെ സ്പർശിക്കുകയും അവനിൽ മാനസാന്തരം ഉളവാക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി അവൻ ഉള്ളതെല്ലാം പങ്കുവയ്ക്കുന്ന, രക്ഷാകരസ്നേഹത്തിന്റെ ഉടമയായിത്തീരുകയും ചെയ്യുന്നു. പുരോഹിതൻ ഈ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനാണ്. ദൈവത്തിന്റെ രക്ഷാകരസ്നേഹം നമ്മെ സ്പർശിക്കുകയും അതിന്റെ ഫലമായ മാറ്റം നമ്മിൽ ഉണ്ടാവുകയും ചെയ്യുമ്പോഴാണ് നാം യഥാർത്ഥ പുരോഹിതശുശ്രൂഷകരായിത്തീരുന്നത്.



**5. വിളിയോടു വിശ്വസ്തത പുലർത്തുന്ന ജീവിതം**

*"ഞാൻ നിങ്ങളോടു പറയുന്നു, ഉള്ളവനു കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും"* (19,26).

ലൂക്കാസുവിശേഷകന്റെ യാത്രാവിവരണത്തിലെ അവസാന ഉപമയാണ് പത്തു നാണയത്തിന്റെ ഉപമ. ഈശോ രാജാവായി ജറുസലേമിലേക്കു പ്രവേശിക്കുന്നതിനു തൊട്ടുമുമ്പാണ് ഈ ഉപമ പറഞ്ഞത്. തന്റെ മഹത്ത്വീകരണത്തിനും പുനരാഗമനത്തിനും ഇടയ്ക്കുള്ള സമയത്ത് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ ഈശോ ശിഷ്യരെ നിയോഗിച്ചു (മർക്കോ 16,15-16; ലൂക്കാ 24,47-48). തങ്ങൾക്ക് ഏല്പിക്കപ്പെട്ട സുവിശേഷപ്രഘോഷണദൗത്യം ഫലപ്രദമായി പൂർത്തിയാക്കുന്നവർക്കുള്ള പ്രതിഫലവും അലസർക്കുള്ള ശിക്ഷയും വെളിപ്പെടുത്തുകയാണ് ഉപമയുടെ മുഖ്യസന്ദേശം. ദൈവരാജ്യം അല്ലെങ്കിൽ രക്ഷയുടെ അനുഭവം ലഭിച്ചവർ അത് ഫലപ്രദമായ വിധത്തിൽ കൈകാര്യം ചെയ്തില്ലെങ്കിൽ, ലഭിച്ചതു നഷ്ടമാകും എന്നതാണ് അവർക്കുള്ള ശിക്ഷ. ദൈവരാജ്യത്തിന്റെയും രക്ഷയുടെയും ദാനങ്ങൾ ലഭിച്ചവർ ദൈവതിരുമുമ്പിൽ കണക്കു സമർപ്പിക്കേണ്ടിവരും എന്നും ഈ ഉപമ സൂചിപ്പിക്കുന്നുണ്ട്.അതേസമയം ഈ ഉപമ ശിഷ്യത്വത്തിന്റെ വിശ്വസ്തതയിലേക്ക് പ്രത്യേകം വിരൽചൂണ്ടുന്നുണ്ട്. തന്നോടു സഹകരിച്ചു പ്രവർത്തിക്കുന്നതിൽ ഉത്തരവാദിത്വമുള്ളവരെയും, തന്റെ ഔദാര്യത്തിൽ വിശ്വസിച്ച് ഉത്സാഹികളാകുന്നവരെയും ഈശോ സമൃദ്ധമായി അനുഗ്രഹിക്കുന്നു. അലസനായ ഭൃത്യൻ മടിയന്മാർക്ക് ഒരു മുന്നറിയിപ്പാണ്.

വിളിച്ച ദൈവം വിശ്വസ്തനാണെന്നും വിളിക്കപ്പെട്ടവരും അതുപോലെ വിശ്വസ്തതയുള്ളവരായിരിക്കണമെന്നുള്ള സന്ദേശം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. "രാജാവ് ഭൃത്യരിൽ പത്തു പേരെ വിളിച്ച്, പത്തു നാണയം അവരെ ഏല്പിച്ചുകൊണ്ടു പറഞ്ഞു: ഞാൻ തിരിച്ചുവരുന്നതുവരെ നിങ്ങൾ ഇതുകൊണ്ടു വ്യാപാരം ചെയ്യുവിൻ" (19,13). തങ്ങൾക്കിഷ്ടമുള്ളതുപോലെ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം നല്കിക്കൊണ്ടാണ് രാജാവ് അവരെ നാണയം ഏല്പിക്കുന്നത്. അദ്ദേഹം അതിൽ ഒട്ടും ഇടപെടുന്നില്ല. സ്വീകരിച്ചവരുടെ പൂർണ്ണമായ സ്വാതന്ത്ര്യത്തിന് നാണയം വിട്ടുകൊടുക്കുന്നു. ഇതു

പോലെയാണ് ദൈവം തന്റെ വിളിയും വിളിക്കനുസൃതമായ കൃപകളും വരങ്ങളും നമുക്കു നല്കുന്നത്. ദൈവം അത്രമാത്രം നമ്മെ വിശ്വസിക്കുകയും നമ്മോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്നു. പൗരോഹിത്യവിളി നല്കി പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നതിന് ആവശ്യമായ എല്ലാ കൃപാവരങ്ങളും നല്കി നമ്മെ അനുഗ്രഹിക്കുന്ന ദൈവം നമ്മോടു കാണിക്കുന്ന വിശ്വസ്തത ശ്രദ്ധിക്കപ്പെടേണ്ടതാണ്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: “തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി” (1 തിമോ 1,12). നമുക്കു ദൈവം നല്കിയിട്ടുള്ളതും നല്കുന്നതുമായ എല്ലാ കൃപകളും ദാനങ്ങളും ഫലമണിയുവാൻ ഉതകുന്നവിധം വിശ്വസ്തരായിരിക്കുവാൻ പൗരോഹിത്യവിളി നമ്മെ നിർബന്ധിക്കുന്നു. ചെറിയ കാര്യങ്ങളിൽപോലും വിശ്വസ്തത പാലിക്കുമ്പോഴാണ് വലിയ ശുശ്രൂഷകൾക്കായി നാം വിളിക്കപ്പെടുന്നതും സമ്മാനങ്ങൾക്കർഹരാകുന്നതും.

**ജീവിതസൂചിക**

1. പരമാവധി സ്നേഹത്തോടെ കടമകൾ നിർവഹിക്കുന്ന ഒരു ജീവിതം നയിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സ്വയം മറന്ന് ദൈവഹിതത്തിനനുസൃതമായി എപ്പോഴും ജീവിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. ഈശോയുടെ പൗരോഹിത്യത്തിന്റെ തനതാത്മകത മനസ്സിലാക്കി പൂർണ്ണതയിൽ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ഈശോയുടെ രക്ഷാകരസ്നേഹത്താൽ സ്പർശിക്കപ്പെട്ട് രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനായിത്തീരുവാൻ എന്റെ അജപാലനശുശ്രൂഷയിൽ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. ചെറിയ കാര്യങ്ങളിൽപോലും വിശ്വസ്തത പുലർത്തുന്ന ഒരു അജപാലനശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രം

CJ. 48/15 **ലോഗോസ് ക്വിസ് 2015**

പഠനഭാഗം :- സംഖ്യ 1-10
സുഭാഷിതങ്ങൾ 1-9
യോഹന്നാൻ 1-12
യൂദാസിന്റെ ലേഖനം.

രൂപതാതല പരീക്ഷാതിയതി:- 2015 സെപ്റ്റംബർ 27 ന് 2.00 pm മുതൽ 3.30 pm വരെ.

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2015 ജൂലൈ 30.

ഓരോ ഇടവകയുടെയും സ്വന്തം ഉത്തരവാദിത്വത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 2015 ജൂലൈ 30 ന് മുമ്പായി മത്സരാർത്ഥികളുടെ ലിസ്റ്റും രജി. ഫീസും ക്രിസ്തുജ്യോതി ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ജൂലൈ 30 ന് ശേഷം വരുന്ന ലിസ്റ്റുകൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. രജി. ഫീസ് 10 രൂപയാണ്.

ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി ഓരോ ഇടവകയുടെയും പാസ്‌വേർഡും യൂസർ നെയിമും അറിവില്ലാത്തവർ ക്രിസ്തുജ്യോതി ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഒരോ ഇടവകയുടെയും പേജ് തുറക്കുന്നതിന് പാസ്സ്‌വേർഡും യൂസർ നെയിമും കൂടാതെ ഓരോ ഇടവകയുടെയും ലോഗോസ് ക്വിസിന്റെ ഉത്തരവാദിത്വപ്പെട്ട ആളിന്റെ ഫോൺ നമ്പറും ഇമെയിൽ വിലാസവും കൂടി നൽകേണ്ടതാണ്. ലോഗോസ് ക്വിസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ജൂൺ ലക്കം സഹ്യനാദത്തിൽ ഉണ്ട്. ലോഗോസ് ക്വിസിന് 50% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന എസ് എസ് സി, എച്ച് സി സി (10, 12) ക്ലാസുകളിലെ കുട്ടികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

**CJ. 49/15 സ്റ്റഡിഫോറം**

ജൂലൈ മാസത്തിലെ സ്റ്റഡിഫോറം വിഷയം ജൂൺ ലക്കം താലന്ത് മാസികയിലെ വിഷയമായിരിക്കും.

**CJ. 50/15 ഇടവകവിഹിതം**

2015-16 പ്രവർത്തന വർഷത്തിൽ കുട്ടികളിൽനിന്നും ഇടവക വിഹിതം (പരീക്ഷാഫീസ്) വർഷാരംഭത്തിൽതന്നെ കളക്ട് ചെയ്യുമല്ലോ. മുൻ വർഷത്തെ ഫീസ് തന്നു തീർത്തിട്ടില്ലാത്ത സൺഡേസ്കൂളുകൾ നിർബന്ധമായും ഉടൻ തന്നെ രൂപതാ കേന്ദ്രത്തിൽ തുക ഏല്പിക്കേണ്ടതാണ്.

**CJ. 51/15 സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് ഒരു കോപ്പി എത്രയും വേഗം ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുമല്ലോ.

**CJ. 52/15 നവാഗതരായ അദ്ധ്യാപകർക്കുള്ള പരിശീലനം**

നവാഗതരായ അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി അടിമാലി ആത്മജ്യോതിയിൽ ജൂലൈ 10-ാം തീയതി 6.00 p.m. മുതൽ 12-ാം തീയതി 3.00 p.m. വരെ നടത്തപ്പെടുന്നു. നവാഗതരായ എല്ലാ അദ്ധ്യാപകരും നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. ഫീസ് Rs. 400.

**CJ. 53/15 ഉണ്ണീശോ കളരി ടീച്ചേഴ്സ് ട്രെയിനിംഗ്**
**2015 ജൂലൈ 25 ശനി വാഴത്തോപ്പിൽ**

നമ്മുടെ എല്ലാ സൺഡേസ്കൂളിനോടും അനുബന്ധിച്ച് LKG, UKG കുട്ടികൾക്കായി ഉണ്ണീശോ കളരി ആരംഭിക്കണമെന്ന മുൻ വർഷത്തെ നിർദ്ദേശം സ്വാഗതം ചെയ്തുകൊണ്ട് മിക്കവാറും എല്ലാ ഇടവകകളിലും ഉണ്ണീശോ കളരി വിജയകരമായി നടത്തി വരുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. വളരെ പ്രാധാന്യമുള്ള ഈ കാലഘട്ടത്തിലെ ശുശ്രൂഷ കൂടുതൽ ഫലപ്രദമായി നടത്താനുള്ള ബോധവൽക്കരണ ക്ലാസ്സും പ്രായോഗിക പരിശീലനവും നൽകാൻ സീറോ മലബാർ കാറ്റിക്കെറ്റിക്കൽ കമ്മീഷൻ വിദഗ്ദ്ധ സമിതി അംഗവും പാഠപുസ്തക രചിതാവുമായ സി. ജെയ്സ്ലി സി.എം.സി.



യെ നാം ക്ഷണിച്ചിരിക്കുകയാണ്. 2015 ജൂലൈ 25 ശനി 10.00 a.m. മുതൽ 2.30 p.m. വരെ വാഴത്തോപ്പിൽ വച്ചാണ് ഈ പരിശീലനം. ഉണ്ണീശോ കളരിയിൽ പഠിപ്പിക്കുന്നവരും ഇനിയും ആരംഭിക്കാത്ത ഉടവകകളിൽ അതിനുള്ള നിർദ്ദിഷ്ട വ്യക്തികളെയും ഈ പരിശീലനത്തിലേയ്ക്ക് പറഞ്ഞുവിടണം. രജി. ഫീസ് 50 രൂപാ. പെൻ ഡ്രൈവ് കരുതി വരുന്നവർക്ക് ടീച്ചിംഗ് മെറ്റീരിയൽസ് കോപ്പി ചെയ്ത് തരുന്നതാണ്. ട്രെയിനിംഗിന് വരുന്നവർ 9446988268 എന്ന നമ്പറിലോ ക്രിസ്തുജ്യോതി ഓഫീസിലോ (04862 230150) പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

## CORPORATE EDUCATIONAL AGENCY, IDUKKI

**Edn.29/15 അദ്ധ്യാപക സെമിനാർ 2015**

ഈ വർഷത്തെ അദ്ധ്യാപക സെമിനാർ ജൂലൈ 6, 7, 9, 10 തീയതികളിൽ നടത്തുന്നു. സെമിനാർ സെന്ററിലെ പ്രഥമാദ്ധ്യാപകർ അതതു സെന്ററിലെ സെമിനാറിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് 200 രൂപാ ഫീസായി (രജിസ്ട്രേഷൻ Rs. 150, ടീച്ചേഴ്സ് ഗിൽഡ് Rs. 50) ഏൽപ്പിക്കുക. അദ്ധ്യാപകരുടെ പേരും അവരിൽ നിന്നും ലഭിച്ച തുകയും (ഇനം തിരിച്ച്) രേഖപ്പെടുത്തിയ ഒരു ലിസ്റ്റും, ഹാജർ രേഖപ്പെടുത്താൻ മറ്റൊരു ലിസ്റ്റും രജിസ്ട്രേഷൻ സമയത്ത് ഏൽപ്പിക്കണം. അദ്ധ്യാപകർ സെമിനാർ സെന്ററുകൾ മുൻകൂർ അനുമതിയില്ലാതെ മാറുവാൻ പാടില്ല.

### TEACHER'S SEMINAR 2015-16
### VAZHATHOPE SGHSS 06-07-2015 (Monday)

| | | | |
|---|---|---|---|
| 1 | Vazhathope SGHSS | 2 | Vazhathope SGHS |
| 3 | Mariapuram SMHSS | 4 | Punnayar STHS |

| | |
|---|---|
| 5 Vimalagiri VHS | 6 Kanjikuzhy SMUPS |
| 7 Manippara SMUPS | 8 Narakakkanam SJUPS |
| 9 Vazhathope SGUPS | 10 Venmony SGUPS |
| 11 Mariapuram SMLPS | 12 Mulakuvally SJLPS |
| 13 Vimalagiri VLPS | 14 Thankamany STHSS |
| 15 Thankamany STHS | 16 Thankamany STLPS |
| 17 Pandipara SJUPS | 18 Mariapuram SMHS |

**ERATTAYAR STHSS 07-07-2015 (Tuesday)**

| | |
|---|---|
| 1 Erattayar STHSS | 2 Erattayar STHS |
| 3 Vellayamkudy SJHSS | 4 Vellayamkudy SJHS |
| 5 Vazhavara SMHS | 6 Bethel SJUPS |
| 7 Kattappana SJUPS | 8 Thooval SJLPS |
| 9 Udayagiri SMUPS | 10 Chempakappara SPLPS |
| 11 Eattithope VMLPS | 12 Lebbakkada LMLPS |
| 13 Vellayamkudy SJLPS | 14 Nellippara SXLPS |
| 15 Nirmal Jyothi Vellayamkudy | 16 Chemmannara SXHSS |
| 17 Chemmannar SXHS | 18 Manjappara CRUPS |
| 19 Nedumkandam SSUPS | 20 Sleevamala SBLPS |
| 21 Nedumkandam SSHS | 22 Ezhukumvayal JMLPS |

**MURICKASSERY SMHSS 09-07-2015 (Thursday)**

| | |
|---|---|
| 1 Murickassery SMHSS | 2 Murickassery SMHS |
| 3 Parathode SGHS | 4 Upputhode SJHS |
| 5 Kiliyarkandam HFUPS | 6 Mukkudam VLPS |
| 7 Mankuva STUPS | 8 Chempakapara SMLPS |
| 9 Poomankandam CRLPS | 10 Murickassery SMLPS |
| 11 Parathode SGLPS | 12 Thopramkudy SMGLPS |
| 13 Rajamudy CKLPS | 14 Parathode SGHSS |

**THOKKUPARA SSHS 10-07-2015 (Friday)**

| | |
|---|---|
| 1 Mankulam SMHS | 2 Pottenkad SSHS |
| 3 Thokkupara SSHS | 4 Josgiri SJUPS |
| 5 Kollimala SMUPS | 6 Mankulam SMUPS |
| 7 Panamkutty SJUPS | 8 Anakulam SJLPS |



| | |
|---|---|
| 9 Ellackal SALPS | 10 Kallarkutty SJLPS |
| 11 Pallanad SMLPS | 12 Poopara SMGUPS |
| 13 Rajakumary HQUPS | 14 Kanthipara SSHS |
| 15 Ponmudy SMHS | 16 Mankulam SMHSS |

## സോഷ്യൽ സർവീസസ്

**SS 33/15 ചക്കയുൽഷന്നങ്ങളുടെ ട്രെയിനിംഗ്**

താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിന് സഹായകരമാകുന്ന വിധത്തിൽ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് പച്ചചക്ക, ചക്കപ്പഴം ഇവ ഉപയോഗിച്ചുള്ള വിവിധതരം ചക്കയുൽപ്പന്നങ്ങളുടെ ട്രെയിനിംഗ് നെടുങ്കണ്ടത്ത് വച്ച് നടത്തി. 2 ദിവസം നീണ്ടുനിന്ന ട്രെയിനിംഗിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 32 പേർ സംബന്ധിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ഇരട്ടയാർ ക്രെഡിറ്റ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഇരട്ടയാറ്റിൽ വച്ച് ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കായി 2 ദിവസത്തെ ചക്കയുൽപ്പന്നങ്ങളുടെ ട്രെയിനിംഗ് നടത്തി. ട്രെയിനിംഗിൽ 32 സ്ത്രീകൾ പങ്കെടുത്തു.

**SS 34/15 കോഴിക്കുഞ്ഞ് വിതരണം**

HDS ന്റെ നേതൃത്വത്തിൽ 760 മികച്ചയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ കുഞ്ചിത്തണ്ണി, മുരിക്കാശ്ശേരി, തങ്കമണി, വാഴവര, കരിമ്പൻ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

**SS 35/15 ഫലവൃക്ഷതൈകളും മരതൈകളും വിതരണം നടത്തി**

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി കരിക്കിൻ തോളം നീർത്തട പ്രദേശത്ത് മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടുകൂടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി 80 കുടുംബങ്ങൾക്ക് 250 രൂപാ വില വരുന്ന 2 തെങ്ങിൻ തൈകൾ വീതവും, 75 കുടുംബങ്ങൾക്ക് 1000/- രൂപാ വില വരുന്ന 7 ഇനം പഴ തൈകളും 2500 കൊക്കോ തൈകളും വിതരണം ചെയ്തു. മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സണ്ണി കല്ലേക്കാവുങ്കൽ പദ്ധതി ഉദ്ഘാടനം ചെയ്തു. മരിയാപുരം കൃഷി ഓഫീസറും പദ്ധതി കൺവീനറുമായ ശ്രീ. മെൽബിൻ, മരിയാപുരം ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ. സന്തോഷ് തോമസ്, ശ്രീ. ഷാജു പോൾ, ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനിഷ് കോട്ടൂർ, മരിയാപുരം കൃഷിഭവൻ അസിസ്റ്റന്റ് ഓഫീസർ ശ്രീമതി ഷാജിമോൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**SS 36/15 ചക്കയുൽപ്പന്നങ്ങളുടെ വിപണനത്തിനായി കമ്പനി**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നെടുങ്കണ്ടം കേന്ദ്രമാക്കി വിവിധ കർഷക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ ചക്കയുൽപ്പന്നങ്ങളുടെ പ്രോസസിംഗ് കമ്പനിക്ക് രൂപം നൽകി. ചക്കയിൽ നിന്നും ഉണ്ടാക്കാവുന്ന വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ കണ്ടെത്തി കർഷകരെ സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. HDS ന്റെ നേതൃത്വത്തിൽ നെടുങ്കണ്ടത്ത് നടപ്പാക്കുന്ന SPED III പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിച്ച കർഷക സംഗമത്തിലാണ് കമ്പനി രൂപികരിക്കാൻ തീരുമാനമെടുത്തത്. പ്രോഗ്രാം കോർഡിനേറ്റർ സി. ബിയാ ചാത്തൻകോട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ കർഷകർക്ക് പ്ലാവിൻ തൈ നൽകി കമ്പനിയുടെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. കമ്പനിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഡയറക്ടർ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുത്തു. കമ്പനിയുടെ



പ്രവർത്തനങ്ങൾക്ക് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി സാങ്കേതിക സഹായം നൽകും.

**SS 37/15 ജനപങ്കാളിത്ത ഗ്രാമവിശകലന യോഗം**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തി വരുന്ന പശ്ചിമഘട്ട വികസന പരിപാടി പ്രകാരം കാർഷികാധിഷ്ഠിത സമഗ്ര നീർത്തട വികസനം നടപ്പിലാക്കുന്നതിന് ഇരട്ടയാർ-വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ 290 ഹെക്ടർ വിസ്തീർണ്ണമുള്ള മേലേചിന്നാർ നീർത്തട പദ്ധതിയുടെ രൂപികരണത്തിന്റെ മുന്നോടിയായി ജനപങ്കാളിത്ത ഗ്രാമവിശകലന യോഗം ജൂൺ 16-ാം തീയതി തേക്കുംകാനം അംഗൻവാടിയിൽവച്ച് നടന്നു. മേലേചിന്നാർ നീർത്തട പദ്ധതി ചെയർമാനും ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. ഷാജി ശൗര്യാംകുഴി അദ്ധ്യക്ഷത വഹിച്ച യോഗത്തിന് പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ സ്വാഗതം ആശംസിച്ചു. വാത്തിക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി സാബു പരിപാടി ഉദ്ഘാടനം ചെയ്തു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. മേലേചിന്നാർ നീർത്തട പദ്ധതി കൺവീനറും ഇരട്ടയാർ കൃഷി ഓഫീസറുമായ ശ്രീ. എസ്. ശ്രീകുമാർ, വാർഡ് മെമ്പർമാർ, HDS PRA ടീം അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**SS 38/15 കോഴിക്കുഞ്ഞ് വിതരണം**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ശാരീരിക മാനസിക വൈകല്യമുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'തീരം' സംഘടനയിലെ 73 പേർക്ക് 2 കോഴി കുഞ്ഞുങ്ങളെ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്തു. 'തീരം' മുരിക്കാശ്ശേരി മേഖല പ്രസിഡന്റ് ശ്രീ. സിബി കുത്തനാപ്പള്ളി വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു.

**SS 39/15 മഞ്ഞപ്പാറ ഹരിതഗ്രാമ പദ്ധതിയുടെ കീഴിൽ കാർഷിക യന്ത്ര വിതരണം**

HDS ന്റെയും നബാർഡിന്റെയും സഹായത്തോടെ മഞ്ഞപ്പാറയിൽ ആരംഭിച്ച ഹരിതഗ്രാമ പദ്ധതിയുടെ ഭാഗമായി

ഇവിടുത്തെ കർഷകർക്ക് അവരുടെ കാർഷിക മേഖലയെ സഹായിക്കുന്നതിനായി വിവിധയിനം കാർഷിക യന്ത്രങ്ങൾ നൽകി. കാടുവെട്ടിയന്ത്രം, സ്ലെറി പമ്പ്, ചെയിൻ സോ, മരുന്നടിക്കുന്ന പമ്പ് തുടങ്ങി 120000/- രൂപയുടെ മെഷിനുകൾ സൗജന്യമായി കർഷകർക്ക് നൽകി. ഇതിന്റെ ഉദ്ഘാടനം HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ നിർവ്വഹിച്ചു. മഞ്ഞപ്പാറ പളളി വികാരി റവ. ഫാ. കുര്യാക്കോസ് മറ്റത്തിൽ, ശ്രീ. സിബി മാളിയേക്കൽ, ശ്രീ. എബിൻ കുറുംന്താനം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

SS 40/15 **ലോണുകളുടെ വിതരണം**

മഞ്ഞപ്പാറ ഹരിതഗ്രാമ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് കൃഷി ആവശ്യങ്ങൾക്കായി വിവിധയിനം ലോണുകൾ നൽകി. കപ്പകൃഷി, ഇഞ്ചികൃഷി, മഴവെളള സംഭരണി, ബയോഗ്യാസ് മണ്ണിര കമ്പോസ്റ്റ്, ഇവയുടെ നിർമ്മാണം, പശു, ആട്, കോഴി, മുയൽ, പന്നി ഇവയെ വളർത്തുന്നതിനുമായി 1331736 ലക്ഷം രൂപ വിതരണം നടത്തി. കൂടാതെ 1000 കൊക്കോ തൈകളും, 2500 കൊടിതൈകളും, 100 തെങ്ങുംതൈകളും ഈ പ്രദേശത്ത് വിതരണം നടത്തി.

SS 41/15 **ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂളിൽ പ്രവേശനോത്സവം**

കൂടയ്ക്കാട്ടുകുടി ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂളിൽ ജൂൺ 2 ന് പ്രവേശോനോത്സവം നടത്തി. ഈ വർഷം 58 കുട്ടികൾഈ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടുന്നു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, സി. സ്നേഹ തോമസ്, സിബി മാളിയേക്കൽ, മെൽബിൻ കുഴിവേലിൽ, ക്രിസ്റ്റീന തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

SS 42/15 **'ഹരിത സമൃദ്ധി' പദ്ധതി ആരംഭിച്ചു**

മറയൂർ കൂടയ്ക്കാട്ടുകുടി മേഖലയിലെ 6 ആദിവാസി കുടികളിലെ 412 കുടുംബങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'ഹരിത സമൃദ്ധി' ആദിവാസി ക്ഷേമ പദ്ധതിയ്ക്ക് ആരംഭം കുറിച്ചു. ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി



നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി 3 വർഷം കൊണ്ട് പൂർത്തിയാക്കും. മണ്ണ്, ജലസംരക്ഷണം, പ്രകൃതിവിഭവ പരിപോഷണം, ജൈവകൃഷി പ്രോത്സാഹനം, മൃഗപരിപാലനം, ആരോഗ്യ ശുചിത്വ പരിപാടികൾ, വരുമാന ദായക പദ്ധതികൾ, ബോധവൽക്കരണം, കാർഷിക വിപണനം തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു, ഫീൽഡ് കോർഡിനേറ്ററായ മെൽബിൻ സെബാസ്റ്റ്യന്റെ നേതൃത്വ ത്തിൽ 5 ആനിമേറ്റർമാരും 4 അസിസ്റ്റന്റ് കോർഡിനേറ്റർമാരും പദ്ധതി വിജയത്തിനായി പ്രവർത്തിക്കുന്നു. 20 സ്വാശ്രയസംഘങ്ങളും 6 സെറ്റിൽമെന്റ് ആക്ഷൻ ടീമും ഒരു വില്ലേജ് ആക്ഷൻ ടീമും രൂപികരിക്കുന്നതിനുളള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## തിരുബാലസഖ്യം

HC 8/15 **തിരുബാലസഖ്യം രൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ്, ലീഡേഴ്സ് മീറ്റും, മാർഗ്ഗരേഖാ പ്രകാശനവും**

ഇടുക്കി രൂപതാ പൊന്തിഫിക്കൽ തിരുബാലസഖ്യത്തിന്റെ ഉദ്ഘാടനം 27-06-2015 ശനിയാഴ്ച 10.00 a.m. ന് വാഴത്തോപ്പ് സെന്റ് ജോർജ് ഇംഗ്ലിഷ് മീഡിയം സ്കൂളിൽവച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

തുടർന്ന് നടന്ന ആനിമേറ്റേഴ്സ് മീറ്റിൽ തിരുബാലസഖ്യം കോ-ഓർഡിനേറ്റർ ശ്രീ. ജിജി കുറിച്ചിയിൽ ക്ലാസ് നയിച്ചു. ശ്രീ. ജോജിമോൻ കാട്ടാംകോട്ടിൽ, ശ്രീമതി റിൻസി സിബി എന്നിവർ ലീഡേഴ്സിന് ക്ലാസ്സെടുക്കുകയും രൂപതാ ഡയറക്ടർ റവ. ഫാ. ഫെബിൻ കുഴിപ്പിളളിലിന്റെ നേതൃത്വത്തിൽ പ്രസിഡന്റിന്റെയും

സെക്രട്ടറിയുടെയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

ഈ പ്രവർത്തനവർഷത്തിന്റെ സുഗമമായ നടത്തിപ്പിനുള്ള മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

## ചെറുപുഷ്പ മിഷൻലീഗ്

**CML 29/15 ദുക്റാന തിരുനാൾ**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയിലെ എല്ലാ ശാഖകളിലും സംഘടനയുടെ സഹമദ്ധ്യസ്ഥനായ വി. തോമ്മാശ്ലീഹാ യുടെ തിരുനാൾ ആഘോഷിക്കുകയും പൊതുദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും പ്രേഷിതറാലിയും നടത്തുവാനും ശ്രദ്ധിക്കുമല്ലോ.

**CML 30/15 ശാഖാ സന്ദർശനം**

ഇടുക്കി രൂപതയിലെ സി.എം.എൽ. സെന്ററൽ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ജൂലൈ 5, 12, 19, 26 തീയതികളിൽ ശാഖകൾ സന്ദർശിക്കുകയും മിഷൻലീഗ് കുട്ടികൾക്കായി ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് ക്ലാസ് നയിക്കുന്നതുമാണ്.

**CML 31/15 ഹെസദ് മീറ്റ് 2015**

ഭൂമിയാംകുളം, കുരിശുപാറ ശാഖകളിൽ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഹെസദ് മീറ്റ് 2015 ജൂലൈ 11 ന് നടത്തപ്പെടുന്നു.

**CML 32/15 രൂപതാ മാനേജിംഗ് കമ്മറ്റി**

2015-2016 പ്രവർത്തനവർഷത്തെ പ്രഥമ രൂപതാ മാനേജിംഗ് കമ്മറ്റി ജൂലൈ മാസം 24-ാം തീയതി വെള്ളിയാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് യു.പി. സ്കൂൾ ഹാളിൽവച്ച് രൂപതാ പ്രസിഡന്റ്



ഷിബു സെബാസ്റ്റ്യൻ മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതും ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരിൽ മാനേജിംഗ് കമ്മറ്റി ഉദ്ഘാടനം ചെയ്യുന്നതുമാണ്.

പ്രസ്തുത മാനേജിംഗ് കമ്മറ്റിയിൽ രൂപതാ ജനറൽ സെക്രട്ടറി ജെമി ജെയിംസ് മൈലാടിയിൽ 2014-15 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ടും കണക്കും 2015-2016 പ്രവർത്തനവർഷത്തെ ബഡ്ജറ്റും അവതരിപ്പിക്കുന്നതാണ്. 2015-2016 പ്രവർത്തനവർഷത്തെ രൂപതാ പ്രവർത്തന മാർഗ്ഗരേഖ ജനറൽ ഓർഗനൈസർ ബിനോയി കുര്യൻ കടുവനാൽ അവതരിപ്പിക്കുന്നതാണ്. മാനേജിംഗ് കമ്മറ്റിക്ക് രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും രൂപതാ ജോയിന്റ് സെക്രട്ടറി സിജി സജി ചേന്നാട്ട് നന്ദി അർപ്പിക്കുന്നതുമാണ്.

**CML 33/15 രൂപതാ കൗൺസിൽ, വാർഷികം, പ്രവർത്തന വർഷ ഉദ്ഘാടനം, അവാർഡ് ദാനം, മാർഗ്ഗരേഖ പ്രകാശനം 2015 ജൂലൈ 25 ശനി**

ഇടുക്കി രൂപത സി.എം.എൽ രൂപതാ കൗൺസിൽ, വാർഷികം, പ്രവർത്തന വർഷ ഉദ്ഘാടനം, അവാർഡ് ദാനം, മാർഗ്ഗരേഖ പ്രകാശനം എന്നിവ 2015 ജൂലൈ മാസം 25-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ് യു.പി. സ്കൂളിൽവച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത യോഗത്തിൽ വച്ച് കഴിഞ്ഞ പ്രവർത്തനവർഷത്തിൽ, A, B, C വിഭാഗങ്ങളിൽ ബെസ്റ്റ് ശാഖാ, മേഖലകൾക്കുള്ള ട്രോഫിയും വിതരണം ചെയ്യുന്നതാണ്.

2014-2015 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ടും കണക്കും, 2015-2016 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖയും അവതരിപ്പിക്കുന്നതാണ്.

പ്രസ്തുത കൗൺസിലിലും വാർഷികാഘോഷത്തിലും എല്ലാ ശാഖകളിൽ നിന്നുമുള്ള ഭാരവാഹികളും മിഷൻലീഗ് അംഗങ്ങളും പങ്കെടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

## CML 34/15 S.S.L.C., +2 അവാർഡുകൾ

2014-15 വർഷത്തിൽ S.S.L.C., +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ മിഷൻലീഗ് അംഗങ്ങൾക്ക് രൂപതാ കൗൺസിലിൽ വച്ച് അവാർഡ് വിതരണം ചെയ്യുന്നതാണ്. അർഹരായ മിഷൻലീഗ് അംഗങ്ങളുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും ജൂലൈ 10-ാം തീയതിയ്ക്കകം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 35/15 ട്രോഫി

2013-2014 പ്രവർത്തനവർഷത്തിൽ ബെസ്റ്റ് ശാഖാ, മേഖല, കൈയ്യെഴുത്തുമാസിക എന്നിവയ്ക്കുള്ള ട്രോഫികൾ കരസ്ഥമാക്കിയ ശാഖകൾ ജൂലൈ 10-ാം തീയതിയ്ക്കകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## CML 36/15 വി. അൽഫോൻസാമ്മയുടെ തിരുനാൾ

ജൂലൈ 28-ാം തീയതി മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ശാഖകളിൽ ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 37/15 അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും

2015-2016 പ്രവർത്തനവർഷം മേഖലകളിൽ ഡയറക്ടർമാരും, അസി. ഡയറക്ടർമാരുമായി നിയമിതരായ ബഹു. അച്ചന്മാർക്ക് രൂപതാ മിഷൻ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും, മുൻ ഡയറക്ടർമാരും, അസി. ഡയറക്ടർമാരുമായി സേവനം ചെയ്ത അച്ചന്മാർക്ക് നന്ദിയും അറിയിക്കുന്നു.

## CML 38/15 പുതിയ ഡയറ്ക്ടർമാർ/അസി. ഡയറ്ക്ടർമാർ

1. അടിമാലി - ഡയറക്ടർ : റവ. ഫാ. ജോസ് ചിറ്റടിയിൽ
   അസി. ഡയറക്ടർ : റവ. ഫാ. ഷിന്റോ ശൗര്യാംകുഴിയിൽ
2. രാജാക്കാട് - ഡയറക്ടർ : റവ. ഫാ. ജോസഫ് മേനംമൂട്ടിൽ
   അസി. ഡയറക്ടർ : റവ. ഫാ. ജോസഫ് പാലക്കുടിയിൽ



3. പൊട്ടൻകാട് - ഡയറക്ടർ : റവ. ഫാ. വിൻസന്റ് വാളിപ്ലാക്കൽ
   അസി. ഡയറക്ടർ : റവ. ഫാ. തോമസ് പുത്തൂർ
4. പാറത്തോട് - ഡയറക്ടർ : റവ. ഫാ. മാത്യു വേങ്ങാലൂർ
   അസി. ഡയറക്ടർ : റവ. ഫാ. മാത്യു മടുക്കക്കുഴി
5. കല്ലാർകുട്ടി - ഡയറക്ടർ : റവ. ഫാ. മാത്യു പൊന്നമ്പേൽ
6. മുരിക്കാശ്ശേരി - ഡയറക്ടർ : റവ. ഫാ. മാത്യു അരീപ്ലാക്കൽ
   അസി. ഡയറക്ടർ : റവ. ഫാ. ജോർജ് കരിന്തോൽ
7. വാഴത്തോപ്പ് - ഡയറക്ടർ : റവ. ഫാ. ടിനോ പാറക്കടവിൽ
   അസി. ഡയറക്ടർ : റവ. ഫാ. ഫെബിൻ കുഴിപ്പിള്ളിൽ
8. ചുരുളി - ഡയറക്ടർ : റവ. ഫാ. ജോസഫ് കാവുങ്കൽ
   അസി. ഡയറക്ടർ : റവ. ഫാ. ജോസഫ് കുഴിയംപ്ലാവിൽ
9. തങ്കമണി - ഡയറക്ടർ : റവ. ഫാ. ജോബി വാഴയിൽ
   അസി. ഡയറക്ടർ : റവ. ഫാ. ജോസഫ് നടുപടവിൽ
10. നെടുംകണ്ടം - ഡയറക്ടർ : റവ. ഫാ. ജോസഫ് കോയിക്കൽ
    അസി. ഡയറക്ടർ : റവ. ഫാ. ജെയിംസ് അമ്പഴത്തിങ്കൽ
11. വെള്ളയാംകുടി - ഡയറക്ടർ : റവ. ഫാ. തോമസ് തുണ്ടത്തിൽ
    അസി. ഡയറക്ടർ : റവ. ഫാ. ജിൻസ് കാരയ്ക്കാട്ട്
12. ഇരട്ടയാർ - ഡയറക്ടർ : റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ
    അസി. ഡയറക്ടർ : റവ. ഫാ. ജോസഫ് ചുനയംമാക്കൽ

## CML 38/15 സി.എം.എൽ. ശാഖാ ഉദ്ഘാടനം

സി.എം.എൽ. ഇടുക്കി രൂപതയുടെ പുതിയ ശാഖാ കട്ടക്കാല ഇടവകയിൽ 2015 ജൂൺ 14 ഞായറാഴ്ച രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ ഉദ്ഘാടനം ചെയ്തു. ശാഖാ ഡയറക്ടർ റവ. ഫാ. ജോസഫ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിൽ ക്ലാസ് നയിച്ചു.

## CML 39/15 ശാഖാ സന്ദർശനം

ഇടുക്കി രൂപതയിലെ പച്ചടി, കട്ടക്കാല, പഴയരിക്കണ്ടം, മാവടി എന്നീ സി.എം.എൽ. ശാഖകൾ യഥാക്രമം ജൂൺ 7, 14, 21, 28

തീയതികളിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾ സന്ദർശിച്ച് ക്ലാസ് നയിക്കുകയും ചെയ്തു.

## കെ.സി.എസ്.എൽ.

### KCSL 24/15 ഷെവലിയാർ പി.റ്റി. തോമസ് അധ്യാപക അവാർഡ് ജേതാവിന് അഭിനന്ദനങ്ങൾ

കെ.സി.എസ്.എൽ. സംഘടന സംസ്ഥാന തലത്തിൽ നൽകുന്ന മികച്ച അദ്ധ്യാപകനുള്ള ഷെവലിയാർ പി.റ്റി. തോമസ് അവാർഡിന് അർഹനായ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. മാത്തുക്കുട്ടി കുത്തനാപി ള്ളിക്ക് ഇടുക്കി രൂപത കെ.സി.എസ്.എൽ. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### KCSL 25/15 ആനിമേറ്റേഴ്സ് സംഗമം

ഈ വർഷത്തെ ആനിമേറ്റേഴ്സിന്റെയും വിദ്യാർത്ഥി പ്രതിനിധികളുടെയും സംഗമം 2015 ജൂലൈ 4 ശനിയാഴ്ച മുരിക്കാശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപത വിദ്യാഭ്യാസ ഡയറക്ടർ റവ. ഫാ. ജോസ് കരിവേലിക്കൽ യോഗം ഉദ്ഘാടനം ചെയ്തു.

### KCSL26/15 കെ.സി.എസ്.എൽ. പ്രവർത്തനവർഷം ഉദ്ഘാടനം

2015-2016 കെ.സി.എസ്.എൽ. പ്രവർത്തനവർഷം ഉദ്ഘാടനം ജൂലൈ 10-ാം തീയതി കൂമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് നിർവ്വഹിക്കുന്നു.



### KCSL 27/15 സംസ്ഥാന ലീഡേഴ്സ് ക്യാമ്പ്

കെ.സി.എസ്.എൽ. സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പ് 2015 ജൂലൈ 10-11 തീയതികളിൽ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

### KCSL 28/15 അംഗത്വ സ്വീകരണം

കെ.സി.എസ്.എൽ. രൂപതാതലത്തിലുള്ള അംഗത്വ വിതരണത്തിന്റെ ഉദ്ഘാടനം ജൂലൈ 17-ാം തീയതി ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽവച്ച് നടത്തപ്പെടുന്നു. മറ്റു യൂണിറ്റുകളിലും ഇതേ ദിവസം തന്നെ അംഗത്വ സ്വീകരണവും നവീകരണവും നടത്താൻ ശ്രദ്ധിക്കുമല്ലോ.

### KCSL 29/15 KCSL ജീസസ്സ് കിഡ്സ് (L.P. സെക്ഷൻ)

ശതാബ്ദി നിറവിലായിരിക്കുന്ന കെ.സി.എസ്.എൽ. ഇടുക്കി രൂപത ഈ വർഷം മുതൽ എൽ.പി സ്കൂളുകളിൽ കെ.സി.എസ്. എൽ. ജീസസ്സ് കിഡ്സ് എന്ന പേരിൽ കൊച്ചുകുട്ടികളെയും കെ.സി.എസ്.എൽ. സംഘടനയിൽ അംഗങ്ങളാക്കാൻ തീരുമാനി ച്ചിരിക്കുന്നു.

### KCSL 30/15 സ്ക്രാച്ച് & വിൻ പദ്ധതി

കെ.സി.എസ്.എൽ.-ന്റെ പ്രവർത്തനത്തിന്റെ ഫണ്ട് ശേഖരണാർത്ഥം ഈ വർഷവും സ്ക്രാച്ച് & വിൻ പദ്ധതി നടത്തുന്നു. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു.

### KCSL 31/15 അംഗത്വ ലിസ്റ്റ്

ഈ വർഷത്തെ കെ.സി.എസ്.എൽ. അംഗങ്ങളുടെ പേരു വിവരങ്ങൾ 2015 ജൂലൈ 25 നകം രൂപതാ ഓഫീസിൽ എത്തിക്കു വാൻ ശ്രദ്ധിക്കുമല്ലോ (2 കോപ്പി).

### KCSL 32/15 ശതാബ്ദി ക്വിസ്

കെ.സി.എസ്.എൽ. ശതാബ്ദിയോടനുബന്ധിച്ച് രൂപതാ തലത്തിൽ ഒരു ശതാബ്ദി മെഗാ ക്വിസ് സംഘടിപ്പിക്കുന്നു. ഈ വർഷത്തെ പഠനപുസ്തകങ്ങളെ ആധാരമാക്കിയായിരിക്കും ക്വിസ്

നടത്തുന്നത്. മുഴുവൻ കെ.സി.എസ്.എൽ. അംഗങ്ങളെയും പങ്കെടുപ്പിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. രജി. ഫീസ് ഒരു കുട്ടിക്ക് 10 രൂപയായിരിക്കും. രൂപതയിലെ മുഴുവൻ സ്കൂളുകളിലും 2015 ആഗസ്റ്റ് 7 വെള്ളിയാഴ്ച 1.30 p.m. മുതൽ 2.30 p.m. വരെയായിരിക്കും മെഗാ ക്വിസ്.

## കെ.സി.വൈ.എം.

KCYM 35/15

ജൂൺ 13 ന് രൂപതാ ഭാരവാഹികൾ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കരിമ്പൻ ടൗൺ പള്ളിയിൽ ഒരുമിച്ചു കൂടുകയും ദിവ്യകാരുണ്യ ആരാധന നടത്തുകയും രൂപതാ കമ്മറ്റി കൂടുകയും ചെയ്തു.

KCYM 36/15 **ജൂലൈ 5 - യുവജന ദിനം**

ദുക്റാന കഴിഞ്ഞുവരുന്ന ഞായറാഴ്ച ജൂലൈ മാസം 5-ാം തീയതി യുവജന ദിനമായി ആചരിക്കുന്നു. എല്ലാ ഇടവകകളിലും യുവജനങ്ങളെ സംഘടിപ്പിച്ച് ഈ ദിനം സമുചിതമായി ആചരിക്കുവാൻ യൂണിറ്റ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഇന്നേ ദിവസം ദിവ്യബലിക്കു മദ്ധ്യേ എടുക്കുന്ന സ്തോത്രകാഴ്ച സംഘടനയുടെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുമല്ലോ. പ്രസ്തുത തുക സമാഹരിക്കുന്നതിനായി കമ്മറ്റി അംഗങ്ങൾ ഒരോ ഇടവകകളിലും എത്തിച്ചേരുന്നതാണ്.

KCYM 37/15 **രൂപതാതല യുവജന ദിനാചരണവും വാഴത്തോപ്പ് ഫൊറോന സംഗമവും**

വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ രൂപതാ തലത്തിലുള്ള യുവജന ദിനാചരണം നടത്തപ്പെടുന്നു. 2015 ജൂലൈ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് യുവജനങ്ങളുടെ കാഴ്ച



സമർപ്പണത്തോടെ തുടങ്ങുന്ന ദിവ്യബലിയോടുകൂടിയാണ് യുവജന ദിനാചരണം ആരംഭിക്കുന്നത്. ദിവ്യബലിയ്ക്ക് ശേഷം നടക്കുന്ന വാഴത്തോപ്പ് ഫൊറോന സംഗമത്തിൽ വെരി. റവ. വികാരി ജനറാൾ ഫാ. ജെയിംസ് മംഗലശ്ശേരിൽ മുഖ്യപ്രഭാഷണം നടത്തുന്നു. വാഴത്തോപ്പ് ഫൊറോനയിലെ മുഴുവൻ യുവജനങ്ങളും ഇതിൽ പങ്കെടുക്കണം എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## D.C.M.S.

DCMS 1/15 **D.C.M.S. മീറ്റിംഗ്**

ദളിത് ക്രൈസ്തവ മഹാജന സഭയുടെ (D.C.M.S.) ഒരു അസാധാരാണ മീറ്റിംഗ് കരിമ്പൻ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ 2015 ജൂലൈ 5 ഞായർ 3.00 p.m. ന് നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിൽ എല്ലാ ഇടവകയിൽ നിന്നും രണ്ടു പ്രതിനിധികളെ വീതം അയക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം താൽപ്പര്യമെടുക്കുമല്ലോ.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

MVS 10/15 **കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ കമ്മറ്റി അറിയിപ്പുകൾ**

മദ്യവിരുദ്ധ സമിതി ഇടുക്കി രൂപത കമ്മറ്റി 13-06-15 ശനിയാഴ്ച 3.00 pm-ന് മുരിക്കാശ്ശേരി സെന്റ് മേരീസ് ടൗൺ പള്ളിയിൽ കൂടുകയുണ്ടായി. രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമ്മാക്കലിന്റ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി സ്വാഗതം ആശംസിച്ചു. രൂപതയിലെ മുഴുവൻ മദ്യവിരുദ്ധ പ്രവർത്തകരെയും അണിനിരത്തി ജൂലൈ 18-ന് നടത്തുവാൻ തീരുമാനിച്ച പ്രവർത്തക കൺവെൻഷന്റെ വിജയം

ഉറപ്പാക്കുവാൻ മുഴുവൻ പേരുടെയും പൂർണ്ണമായ പിൻതുണയും നിരന്തരമായ പ്രവർത്തനങ്ങളും ആവശ്യമുണ്ടെന്ന് ഫാ. ജോസഫ് പാപ്പാടി പറഞ്ഞു. രൂപതയിലെ എല്ലാ ഇടവകകളിലും മദ്ധ്യവിരുദ്ധ സമിതി രൂപീകരണം നടക്കേണ്ടതുണ്ടെന്നും അതിനായി പരിശ്രമ ങ്ങൾ നടത്തുമ്പോൾ കണ്ടെത്തുന്ന പുതിയ അംഗങ്ങൾ ഇടവകത ലത്തിൽ കുറവാണെങ്കിലും അവർ മൂല്യബോധമുള്ള പ്രാർത്ഥന-പ്രവർത്തന ചൈതന്യമുള്ള വിലയേറിയ മുത്തുകളാണെന്നും റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി റോജസ് എം. ജോർജ്ജ് അഭിപ്രായപ്പെട്ടു. ഇത്തരം പുതുമുഖങ്ങളെ കണ്ടെത്തു ന്നതാണ് മുമ്പോട്ടുള്ള പ്രയാണത്തിൽ നമുക്ക് ഊർജ്ജം പകർന്നു തരുന്നത്. തുടർന്ന് സംസാരിച്ച രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമ്മാക്കൽ ഏറെ അപകടം വരുത്തിവെയ്ക്കുന്ന മദ്യത്തിനെ തിരെ നമുക്ക് വെറുതെയിരിക്കാനാവില്ലായെന്നും പുതിയ പരിശ്രമ ങ്ങൾ - മുന്നേറ്റങ്ങൾ - കൂടുതൽ പങ്കാളിത്തം ഇവ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആവശ്യമുണ്ടെന്നും അഭിപ്രായപ്പെട്ടു. കുട്ടിക ളെയും കുടുംബങ്ങളെയും നശിപ്പിക്കുന്ന മദ്യത്തിനെതിരെയുള്ള നിലപാടുകൾ ഇത്രയൊന്നും പോരായെന്നതാണ് പൊതുവികാര മെന്നും ശ്രീ. സിൽബി ചുനയംമ്മാക്കൽ അറിയിച്ചു. സമാധാന കാം ക്ഷികളായ സാധാരണ ജനങ്ങൾ, സമ്പൂർണ്ണ മദ്യനിരോധനം എത്രയും വേഗം നടപ്പിലാകുവാൻ പ്രാർത്ഥിക്കുന്നവരാണ്. അതി നായുള്ള ധീരതയാർന്ന പുത്തൻ ചുവടുവയ്പ്പുകൾ കാലത്തിന്റെ അനിവാര്യതയാണ്.

## MVS 11/15 **പ്രവർത്തക കൺവെൻഷൻ: ജൂലൈ 18, 2015**

ഈ വലിയ ലക്ഷ്യത്തിലേയ്ക്ക് കേരള ജനതയെ എത്തി ക്കുവാൻ KCBC മദ്യവിരുദ്ധ സമിതി നിരന്തര പോരാട്ടത്തിലാണ്. നിരന്തര ബോധവത്ക്കരണത്തിലൂടെ സുസജ്ജമായ ഒരു ബഹുജ ന മുന്നേറ്റം വരുന്ന നാളുകളിൽ നാടിന്റെ ഉണർത്തുപാട്ടായി മാറു മെന്ന പ്രതീക്ഷയിൽ മുഴുവൻ പ്രവർത്തകരേയും പുതിയ അംഗങ്ങ ളേയും ഉൾപ്പെടുത്തിയുള്ള കൺവെൻഷൻ ജൂലൈ - 18 ശനിയാഴ്ച 10.00 am മുതൽ 4.00 pm വരെ മുരിക്കാശ്ശേരി സെന്റ് മേരിസ് ടൗൺ പള്ളി പാരിഷ്ഹാളിൽ നടത്തപ്പെടുന്നു. മദ്യത്തിനും സാമൂഹ്യതിന്മ



കൾക്കുമെതിരെയുള്ള യുദ്ധത്തിൽ സമാന ചിന്താഗതിക്കാരായ മുഴു വൻ ആളുകളും താല്പര്യപൂർവ്വം കൺവെൻഷനിലേയ്ക്ക് കടന്നുവരണം. പ്രൗഢഗംഭീരമായിരിക്കണം മദ്യവിരുദ്ധപ്രവർത്തക കൺവെൻഷൻ. പങ്കുകൊള്ളുന്ന ഓരോ പ്രവർത്തകരും കൂടുതൽ പ്രവർത്തിക്കുന്നവരായി കൺവെൻഷനുശേഷം ഇടവകയിൽ മാറണം. മദ്യത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നവരും മോചനം നേടിയ വരുമായ ഏവരും തീക്ഷണതയോടെ കടന്നുവരണം. ബിവറേജസ് കടകൾക്കു മുമ്പിലുള്ള നീണ്ട നിര ഏവരേയും വേദനിപ്പിക്കുന്നതാ ണ്. അതിനാൽ നമുക്ക് ഉണരാം.

## MVS 12/15 **കുട്ടികൾക്കായുള്ള സാഹിത്യ മത്സരങ്ങൾ 2015-16**

KCBC മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതകമ്മറ്റി എല്ലാ വർഷവും നടത്തി വരാറുള്ള സ്കൂൾ കുട്ടികൾക്കായുള്ള പ്രസംഗ ഉപന്യാസ മത്സരങ്ങൾ ഈ വർഷം നേരത്തേ നടത്തുവാൻ തീരു മാനിച്ചു. പരമാവധി സ്കൂളുകളുടെയും, കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടിയാണിത്. കുട്ടികൾ മദ്യത്തിനും, മറ്റു ദുശ്ശീ ലങ്ങൾക്കുമെതിരെ പോരാടുന്നവരായി ഭാവിയിൽ നല്ല നേതാക്ക ളായി വളർന്നു വരണം. സാഹിത്യമത്സരങ്ങളിൽ താൽപര്യപൂർവ്വം പങ്കെടുക്കുന്ന കുഞ്ഞുങ്ങൾ, തങ്ങൾ (ADSS) Anti-Drugs Students Federation അംഗങ്ങളാണെന്ന ബോധ്യത്തിൽ ഉറപ്പിക്കുവാൻ സ്കൂൾ അധികൃതർ ശ്രദ്ധിക്കുമല്ലോ. സ്കൂൾ അസംബ്ളിയിൽ ഇത്തരം മദ്യ വിരുദ്ധ പ്രതിജ്ഞ കുട്ടികൾക്ക് ചൊല്ലിക്കൊടുക്കുവാനും അധികൃ തർ ശ്രദ്ധിക്കണം.

**മത്സരകേന്ദ്രം - സെന്റ് മേരീസ് എച്ച്.എസ്.എസ്. മുരിക്കാശ്ശേരി**
**സമയം - 2015 ഒക്ടോബർ 10 ശനി 10.00 am മുതൽ (രജിസ്ട്രേഷൻ 9.30 am ന്)**

ഉപന്യാസത്തിനും, പ്രസംഗത്തിനും ഒരേ വിഷയമാണ്. മൂന്ന് വിഭാ ഗമായിട്ടായിരിക്കും മത്സരം നടത്തുക.

ഒന്ന് - സബ്ബ് ജൂണിയർ - 4, 5, 6 ക്ലാസ്സുകളിൽ പഠിക്കുന്നവർ
വിഷയം : ലഹരിക്കെതിരെ മഹാൻമാർ

രണ്ട് - ജൂണിയേഴ്സ് - 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്നവർ
വിഷയം : ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക്

മൂന്ന് - സീനിയേഴ്സ് - 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർ
വിഷയം : ഞാൻ എക്സൈസുവകുപ്പു മന്ത്രിയായാൽ ലഹരിക്കെതിരെ എന്റെ നയം

മത്സരാർത്ഥികൾ ബന്ധപ്പെട്ട ഹെഡ്മാസ്റ്ററുടെയോ, പ്രിൻസിപ്പിലിന്റെയോ കത്തുമായി വരേണ്ടതാണ്. ഒരു സ്കൂളിൽ നിന്നും ഓരോ വിഭാഗത്തിലേക്കും പ്രസംഗത്തിനും ഉപന്യാസത്തിനും മൂന്നു കുട്ടികളെ വീതം പരമാവധി 18 കുട്ടികളെ പങ്കെടുപ്പിക്കാം.

പ്രസംഗത്തിന് 5 മിനിട്ടും, ഉപന്യാസത്തിന് 2 മണിക്കൂറും ഉപയോഗിക്കാം. മെറിറ്റ് സർട്ടിഫിക്കറ്റുകളും 1, 2, 3 സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 751, 501, 251 രൂപ ക്യാഷ് പ്രൈസുകളും നൽകുന്നതാണ്. ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന സ്കൂളുകൾക്ക് യഥാക്രമം ഒന്നും, രണ്ടും ട്രോഫികൾ നൽകുന്നതാണ്.

ഈ പരിപാടിയുടെ വിജയത്തിനായി ബഹു. വൈദീകരുടെയും, സിസ്റ്റേഴ്സിന്റെയും, അദ്ധ്യാപകരുടെയും പിൻതുണയും സഹകരണവും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

## ഫാമിലി അപ്പസ്തോലേറ്റ്

FA 9/15 **ഏലീശ്വാ ധ്യാനം**

2015 ജൂലൈ 17-19 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു. വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 3.00 ന് അവസാനിക്കും. ഗർഭിണികളായ സ്ത്രീകൾക്കും അവരുടെ ഭർത്താക്കൻമാർക്കും ഈ ധ്യാനത്തിൽ പങ്കെടുക്കാം.

FA 10/15 **വിവാഹ ഒരുക്ക ധ്യാനം**

ജൂലൈ - 20-22 തിങ്കൾ-ബുധൻ
ആഗസ്റ്റ് - 10-12 „



FA 11/15 **നസ്രത്ത് മീറ്റ്**

അവിവാഹിതരായ യുവതീയുവാക്കൾക്കും അവരുടെ മാതാപിതാക്കൾക്കുമായുള്ള സംഗമം ഇടവകാതലത്തിൽ സംഘടിപ്പിക്കുവാൻ താല്പര്യമുള്ള ഇടവകകൾ രൂപതാ കുടുംബ പ്രേഷിത കേന്ദ്രവുമായി ബന്ധപ്പെടുക.

ഡയറക്ടർ : 9446837178.

## മാതൃവേദി

### മോഡറേറ്റേഴ്സ് മീറ്റ് 2015

2015-16 പ്രവർത്തന വർഷാചരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും മാർഗ്ഗരേഖയും, ശാഖാ ഭാരവാഹികളുടെ മേൽവിലാസവും രൂപപ്പെടുത്തുന്നതിനായി ശാഖാ മോഡറേറ്റർ സിസ്റ്റർമാരുടെ സമ്മേളനം 2015 ജൂലൈ 17 വെള്ളിയാഴ്ച കരിമ്പൻ രൂപതാ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. രാവിലെ 9.45 ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.00 ന് അവസാനിക്കും. എല്ലാ ശാഖ മോഡറേറ്റർമാരും ഈ സമ്മേളനത്തിൽ സംബന്ധിക്കുമല്ലോ. വാർഷിക റിപ്പോർട്ടിനുള്ള ഫോം അന്ന് നൽകുന്നതായിരിക്കും.

### രൂപതാ തിരഞ്ഞെടുപ്പ്

ഇടുക്കി രൂപതാ മാതൃവേദിയുടെ രൂപതാ തിരഞ്ഞെടുപ്പ് 2015 ജൂലൈ 31 ന് കരിമ്പൻ രൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ മേഖലാ ഭാരവാഹികളും ഈ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുമല്ലോ. രാവിലെ 9.45 ന് വി. കുർബാനയ്ക്ക് ശേഷം ഒരു മണിക്കൂർ ക്ലാസ്സും, തുടർന്ന് തിരഞ്ഞെടുപ്പും. 2.00 മണിക്ക് സമ്മേളനം അവസാനിക്കും.

### രൂപതാ വാർഷികം

2014-15 പ്രവർത്തന വർഷ വാർഷികം ആഗസ്റ്റ് 8 ശനിയാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വാർഷിക റിപ്പോർട്ട് ജൂലൈ 31 നകം രൂപതാ കേന്ദ്രത്തിലെത്തിക്കുമല്ലോ.

## ആത്മജ്യോതിയിലെ പരിപാടികൾ

ജൂലൈ 2015 05-10 - എഫാത്താ ധ്യാനം
11 - പാസ്റ്ററൽ കൗൺസിൽ
11 - നവാഗതരായ സൺഡേസ്കൂൾ അദ്ധ്യാപകർക്ക് സെമിനാർ
11-12 - തിയോളജി കോഴ്സ്
13-15 - നവ വൈദികർക്ക് സെമിനാർ
18 - സമർപ്പിത സംഗമം
20-23 - വിവാഹ ഒരുക്ക ധ്യാനം
ജലൈ 29-ആഗസ്റ്റ് 08 - ലഹരി വിമോചന ക്യാമ്പ് ധ്യാനം

## പ്രാർത്ഥനാ ഗ്രൂപ്പ്

### പെന്തക്കുസ്താ ദിനാചരണം

2015 മെയ് മാസം 24-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ രാത്രി 9 മണി വരെ മുരിക്കാശ്ശേരി സെന്റ് മേരീസ് ടൗൺ പള്ളിയിൽവച്ച് ഈ വർഷത്തെ പെന്തക്കുസ്താ ദിനാചരണം നടത്തി. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരിൽ ആമുഖ സന്ദേശം നൽകി. മുൻ കെ.എസ്.ടി. സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ വചന സന്ദേശവും, മുൻ കെ.എസ്.ടി. ചെയർമാൻ ഫാ. ജോസ് നരിതൂക്കിൽ ആരാധനയും നടത്തി. പരിപാടികൾക്ക് ഇടുക്കി രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ഫാ. ജോർജ് നിരവത്ത് നേതൃത്വം നൽകി. മുരിക്കാശ്ശേരി പള്ളി വികാരി ഫാ. മാത്യു തൊട്ടിയിൽ ആശംസയും, സോണൽ കോ-ഓർഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ സ്വാഗതവും, സെക്രട്ടറി സണ്ണി വളവനാട്ട് നന്ദിയും പറഞ്ഞു. സോണിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി മുന്നൂറോളം പേർ പങ്കെടുത്തു.

### പുതിയ നേതൃത്വം

ഇടുക്കി രൂപതയിലെ കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകുന്ന ഇടുക്കി സോണിലെ 5 സബ് സോണുകൾക്കും 2015-17 വർഷങ്ങളിലേയ്ക്ക് പുതിയ സർവ്വീസ് ടീമുകൾ



രൂപംകൊണ്ടു. സർവ്വീസ് ടീമുകളുടെ കോ-ഓർഡിനേറ്റർമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

വാഴത്തോപ്പ് സബ്സോൺ : ജേക്കബ് വെള്ളാക്കാട്ട്, മണിയാറൻകുടി
തോപ്രാംകുടി ,, : ടോമി കൊച്ചുവീട്ടിൽ, രാജപുരം
രാജാക്കാട് ,, : പാപ്പച്ചൻ പശുതൊട്ടിയിൽ, രാജാക്കാട്
പാറത്തോട് ,, : ബിനോയി ചെന്നിലത്തുകുന്നേൽ, പാറത്തോട്
അടിമാലി ,, : ബേബി കാഞ്ഞിരംപാറ, കൂമ്പൻപാറ

### മദ്ധ്യസ്ഥ പ്രാർത്ഥന

സഭയുടെയും സമൂഹത്തിന്റെയും വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷകൾ പാറത്തോട് സബ്സോണിൽ പണിക്കൻകുടിയിലും, വാഴത്തോപ്പ് സബ്സോണിൽ കരിമ്പനിലും നടന്നു. കരിമ്പനിൽ എല്ലാ മൂന്നാം ബുധനാഴ്ചയിലും വൈകിട്ട് 6 മുതൽ 10 മണി വരെയും പണിക്കൻകുടിയിൽ എല്ലാ ഒന്നാം ശനിയാഴ്ചയും വൈകിട്ട് 5 മുതൽ 10 വരെയും ഈ കൂട്ടായ്മ നടക്കും.

### കപ്പിൾസ്, പാരിഷ് മിനിസ്ട്രികൾ

ദമ്പതികളുടെ ഇടയിൽ പ്രവർത്തിക്കുന്ന കപ്പിൾസ് മിനിസ്ട്രിയുടെയും ഇടവകകളിൽ പ്രവർത്തിക്കുന്ന പാരിഷ് മിനിസ്ട്രിയുടെയും ഒരു നേതൃസംഗമം ജൂൺ 27 ശനിയാഴ്ച ചുരുളി പള്ളിയിൽ നടന്നു. അടുത്ത രണ്ട് വർഷങ്ങളിലേയ്ക്കുള്ള പ്രോഗ്രാമുകൾ രൂപപ്പെടുത്തിയ ഈ കൂട്ടായ്മയിൽ പുതിയ നേതൃത്വത്തെയും കണ്ടെത്തി. കൂട്ടായ്മക്ക് ഫാ. ജോർജ് നിരവത്ത്, ഫാ. ജോസ് നരിതൂക്കിൽ, സോണൽ സർവ്വീസ് ടീം തുടങ്ങിയവർ നേതൃത്വം നൽകി.



## കുടുംബക്കൂട്ടായ്മ

SCC 26/15

ക്രൈസ്തവ സമൂഹം ലോകമെങ്ങും ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന സമയമാണിത്. തിരുസഭയ്ക്ക് വെല്ലുവിളികൾ ഏറിയപ്പോഴെല്ലാം തിരുസഭ ശക്തിയാർജ്ജിച്ചിട്ടുണ്ട്. ആദിമ ക്രൈസ്തവ സമൂഹം ശിഷ്യന്മാരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ ഒരുമിച്ചുകൂടി പ്രാർത്ഥന നടത്തി സ്നേഹവും ധൈര്യവും പകർന്നു മുന്നേറിയതുപോലെ നമ്മുടെ കുടുംബ കൂട്ടായ്മകളേയും ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു. പ്രാർത്ഥനയും പ്രബോധനവും, വിനോദവും വളരാനുള്ള അവസരങ്ങളും നൽകി കുറഞ്ഞ സമയം കൊണ്ട് നാം നടത്തുന്ന നമ്മുടെ കുടുംബ കൂട്ടായ്മകൾ ക്രൈസ്തവ ജീവിതത്തിന്റെ നെടുംതൂണുകളാകണം. സഭയ്ക്കെതിരെ നടക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനും അതിനെതിരെ ചെയ്യേണ്ടത് സമയത്ത് അതിന്റെ പൂർണ്ണതയിൽ ചെയ്യാൻ അവരെ പ്രാപ്തരാക്കാനും കുടുംബ കൂട്ടായ്മ പോലൊരു വേദി വേറില്ലെന്നു നാം തിരിച്ചറിയണം. ക്രൈസ്തവന്റെ വളർച്ചയുടെ അടിസ്ഥാനം കുടുംബ കൂട്ടായ്മകളായിരുന്നു. എത്ര വളർന്നാലും ഈ അടിസ്ഥാനത്തിന് മാറ്റമുണ്ടാകില്ല. അടിസ്ഥാനത്തിലുണ്ടാകുന്ന വിള്ളലുകൾ ഏതു വലിയ പ്രസ്ഥാനത്തെയും കൂപ്പുകുത്തിക്കും. ഇടവകകളുടെ നാഡീഞരമ്പുകളായ കുടുംബ കൂട്ടായ്മകളെ ശക്തിപ്പെടുത്താനുള്ള നൂതന മാർഗ്ഗങ്ങൾ നാം ആവിഷ്കരിക്കണം. എല്ലാവരുടെയും ഭാഗഭാഗിത്വം ഉറപ്പാക്കി ഒരുമയോടെ സ്നേഹത്തോടെ സഹകരണ മനോഭാവത്തോടെ മുന്നേറുന്ന നല്ല കൂട്ടായ്മകൾ രൂപപ്പെടുത്താൻ നമുക്ക് ഒരുമിച്ചു പരിശ്രമിക്കാം.



## കത്തോലിക്കാ കോൺഗ്രസ്

### പിതാവിനോടുള്ള അവഹേളനം എ.കെ.സി.സി. പ്രതിഷേധിച്ചു

കാഞ്ഞിരപ്പള്ളിയിൽ പാസ്റ്ററർ കൗൺസിൽ അംഗങ്ങളോട് മിശ്രവിവാഹത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഒരു പിതാവ് മക്കളോടെന്നപോലെ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നൽകിയ ഉപദേശങ്ങൾ തൽപ്പര കക്ഷികൾ വിവാദമാക്കിയതിനെ തുടർന്ന് പിതാവ് ആവശ്യമായ വിശദീകരണം നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടും ചിലർ പിതാവിനെ അവഹേളിക്കുന്നതും വ്യക്തിഹത്യ നടത്തുന്നതും ആർക്കും ഭൂഷണമല്ലെന്ന് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതി. അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകുന്നതും അത് പ്രകടിപ്പിക്കുന്നതും സ്വാഭാവികമാണ്. എന്നാൽ ഖേദപ്രകടനത്തിനു ശേഷവും ആക്ഷേപങ്ങളും പരിഹാസങ്ങളുമുയർത്തി അഭിവന്ദ്യ പിതാവിനെ അപമാനിക്കുന്നതിലൂടെ അദ്ദേഹത്തെ മാത്രമല്ല കത്തോലിക്കാ സഭയെ മുഴുവനുമാണ് മുറിവേൽപ്പിക്കുന്നത് എന്ന് ബന്ധപ്പെട്ടവർ തിരിച്ചറിയണം. തൊലിയുടെ നിറവും മുടിയുടെ എണ്ണവും നോക്കി ആളുകളുടെ ജനുസു നിർണ്ണയിക്കാൻ ശ്രമിക്കുന്നതിലൂടെ അവർ സ്വയം പരിഹാസ്യരാകുകയാണ്. അതിരുകടന്ന ഇത്തരം ആക്ഷേപങ്ങൾ മതവൈരം ആളിക്കത്തിക്കുന്നതിലുപരി പൊതുസമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തും.

പിതാവിന്റെ സ്വകാര്യ പ്രസംഗത്തിലെ ഒരു പരാമർശം അടർത്തിയെടുത്ത് വിവാദമുണ്ടാക്കുകയും തുടരെത്തുടരെ പരിഹസിക്കുകയും ചെയ്യുന്നതിനു പിന്നിൽ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചെറിയ കാര്യങ്ങൾ ഊതിപ്പെരുപ്പിച്ചും ചാനൽ ചർച്ചകൾ കൊഴുപ്പിച്ചും ജാതിമതസംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് കർഷക ജനതയുടെ മുന്നേറ്റത്തെ തകർക്കാൻ മാത്രമേ ഇടവരുത്തുകയുള്ളു. തരംതാണ പരിഹാസങ്ങളുയർത്തി അഭിവന്ദ്യ പിതാവിനെ തേജോവധം ചെയ്യാൻ നടത്തുന്ന ശ്രമങ്ങളിൽ ക്രൈസ്തവ സമൂഹത്തിനുള്ള കടുത്ത അതൃപ്തിയും ശക്തമായ പ്രതിഷേധവും

എ.കെ.സി.സി. ഇടുക്കി രൂപതാ സമിതി രേഖപ്പെടുത്തി. ഇത്തരം ഹീനശ്രമങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് രൂപതാ കമ്മറ്റി യോഗത്തിൽ പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി, സെക്രട്ടറി കെ.സി. ചാക്കോ, സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളി, രൂപതാ ട്രഷറർ സണ്ണി കരിവേലിക്കൽ, വൈസ് പ്രസിഡന്റ് മാത്യു മലേപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2015 ജൂലൈ – മെമ്പർഷിപ്പു ക്യാമ്പയിൻ മാസം**

കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന വ്യാപകമായി പ്രായപൂർത്തിയായ മുഴുവൻ സഭാ അംഗങ്ങളേയും കത്തോലിക്കാ കോൺഗ്രസിൽ അംഗങ്ങൾ ആക്കുന്നതിനുള്ള തീവ്രയത്ന പരിപാടിയുടെ ഭാഗമായി ഇടുക്കി രൂപതയിലും ജൂലൈ മാസം മെമ്പർഷിപ്പു ക്യാമ്പയിൻ മാസമായി ആചരിക്കുന്നു. രൂപതയിലെ എല്ല ഇടവകകളിലും യൂണിറ്റു സ്ഥാപിക്കുന്നതിനും അർഹരായ എല്ലാ ഇടവകാംഗങ്ങൾക്കും അംഗത്വം നൽകുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നൂതനങ്ങളായ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചു വരുന്ന സാഹചര്യത്തിൽ ഇടവകതലത്തിൽ സംഘടനയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് മെമ്പർഷിപ്പു ക്യാമ്പയിൻ വിജയിപ്പിക്കുവാൻ ബന്ധപ്പെട്ടവരുടെ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് രൂപതാ കമ്മറ്റിക്കുവേണ്ടി പ്രസിഡന്റ് ജോർജ് കോയിക്കൽ അഭ്യർത്ഥിച്ചു.

**മൈക്രോ ഫൈനാൻസ് പദ്ധതി**

സഭാംഗങ്ങളെല്ലാവരും ഉന്നതിയിലേയ്ക്ക് വളരണമെന്നുള്ള സഭാ നേതൃത്വത്തിന്റെ പ്രത്യേക താൽപ്പര്യപ്രകാരം സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥകളിൽ നിന്നും താഴ്ന്ന വരുമാനക്കാരെ ക്രമാനുഗതമായി ഉയർത്തിക്കൊണ്ടുവരിക, താഴ്ന്ന വരുമാനക്കാരുടെ സാമ്പത്തിക ഉയർച്ചയ്ക്കുതകുന്ന പദ്ധതികൾ ആവഷ്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന തലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് മൈക്രോ ഫൈനാൻസ് പദ്ധതി.



സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് സംഘങ്ങൾ മുഖേന സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ള സംരംഭങ്ങൾക്കു മുൻഗണന നൽകിക്കൊണ്ട് വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ചെറിയ വായ്പകൾ നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ഘടനയും പ്രവർത്തനരീതിയുമാണ് നമ്മുടെ മൈക്രോ ഫൈനാൻസ് സംഘങ്ങൾക്കും ഉണ്ടാവുക.

മൈക്രോ ഫൈനാൻസ് പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാനതലത്തിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഉന്നതാധികാരസമിതിയിൽ സീറോ മലബാർ മേജർ ആർച്ചുബിഷപ്പ്, സീറോ മലബാർ പെർമനന്റ് സിനഡ് അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ്, ബിഷപ്പ് ലഗേറ്റ്, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് എന്നിവർ അംഗങ്ങളായിരിക്കും.

**മോചനയാത്ര – ആഗസ്റ്റ് 1 മുതൽ 10 വരെ**

കർഷകർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുക, മതനിരപേക്ഷത തകർക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ തടയുക, മതേതര ജനാധിപത്യം സംരക്ഷിക്കുക, വിലക്കയറ്റം തടയുക, അനീതിയും അഴിമതിയും തുടച്ചുനീക്കുക തുടങ്ങിയ ആനുകാലിക പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ആഗസ്റ്റ് 1 മുതൽ 10 വരെ സംസ്ഥാനത്ത് മോചനയാത്ര എന്ന പേരിൽ വാഹനപ്രചരണ യാത്ര നടത്തുന്നു. സംസ്ഥാന പ്രസിഡന്റ് വി.വി. അഗസ്റ്റിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തുനിന്നു ആരംഭിക്കുന്ന തെക്കൻ മേഖല ജാഥയും സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ കാസർകോട്ടുനിന്നും ആരംഭിക്കുന്ന വടക്കൻ മേഖല ജാഥയും ബന്ധപ്പെട്ട എല്ലാ രൂപതകളിലൂടെയും സഞ്ചരിച്ച് 10-ാം

തീയതി അങ്കമാലിയിൽ സമാപിക്കും. അങ്കമാലിയിൽ നടക്കുന്ന മഹാ സമ്മേളനത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വിശ്വാസികൾ പങ്കെടുക്കും. സമ്മേളനം അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ എല്ലാ രൂപത കളിലേയും ബിഷപ്പുമാർ സമ്മേളനത്തിൽ പങ്കുകൊള്ളുന്നതാണ്. നമ്മുടെ രൂപതയിൽ എത്തുന്ന ജാഥയ്ക്ക് നൽകുന്ന സ്വീകരണ ത്തിലും, അങ്കമാലിയിലെ സമ്മേളനത്തിലും നമ്മുടെ രൂപതയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ ഏവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

### സംസ്ഥാന രൂപത ഭാരവാഹികളുടെ മേജർ ആർച്ചു ബിഷപ്പിനോടൊപ്പമുള്ള സംയുക്ത മീറ്റിംഗ്

കലൂർ റിന്യുവൽ സെന്ററിൽവച്ച് മെയ് 15 ന് സംസ്ഥാന രൂപത ഭാരവാഹികളുടെ യോഗം നടന്നു. മേജർ ആർച്ചു ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്ത യോഗത്തിൽ എ.കെ.സി.സി. ബിഷപ്പ് ലഗേറ്റ് മാർ റമിജീയൂസ് ഇഞ്ചനാനി സന്ദേശം നൽകി. രാജ്യത്തെ ഒന്നായി കാണാൻ കഴിവുള്ള മൂല്യബോധമുള്ള നേതൃനിര വളർത്തിയെടുക്കുവാൻ കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകണമെന്ന് മാർ ജോർജ് ആലഞ്ചേരി പിതാവ് ആഹ്വാനം ചെയ്തു. റബർ സംഭരണം ആരംഭിക്കണമെന്നും, ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ കർഷക വിരുദ്ധ നിലപാടുകൾക്കു പരിഹാരം കാണാനുള്ള തീരുമാനത്തിന് സർക്കാർ അടിയന്തര പ്രാധാന്യം നൽകണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. വന്യമൃഗങ്ങളുടെ ആക്രമങ്ങൾക്കിരയാകുന്നവർക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കണം. ക്രൈസ്തവർക്കെതിരെ നടക്കുന്ന അക്രമങ്ങളിൽ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അഭിവന്ദ്യ പിതാക്കന്മാർ മുഴുവൻ സമയവും പങ്കെടുത്ത സമ്മേളനത്തിൽ മെമ്പർഷിപ്പു ക്യാമ്പയിൻ, മൈക്രോ ഫൈനാൻസ്, മോചനയാത്ര, യൂണിറ്റ് ശാക്തീകരണം, എ.കെ.സി.സി. ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. സമ്മേളനത്തിൽ ഇടുക്കി രൂപതയിൽ നിന്നും പ്രസിഡന്റ് ജോർജ് കോയിക്കൽ, ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ,



സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ, രൂപത സെക്രട്ടറി കെ.സി. ചാക്കോ എന്നിവർ പങ്കെടുത്തു.

### മാദ്ധ്യമവേദി യോഗം സെന്റ് തോമസ് മൗണ്ടിൽ

കെ.സി.ബി.സി ലയ്റ്റി കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽവച്ച് മാർ ജോർജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മാദ്ധ്യമവേദി യോഗത്തിൽ രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ പങ്കെടുത്തു.

### സംസ്ഥാന വർക്കിംഗ് കമ്മറ്റി യോഗം

കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാന വർക്കിംഗ് കമ്മറ്റി യോഗം ജൂൺ 20 ന്, കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാന കമ്മിറ്റി ആഫീസിൽ കൂടി മോചനയാത്ര, മെമ്പർഷിപ്പു ക്യാമ്പയിൻ, മൈക്രോ ഫൈനാൻസ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊണ്ടു. പരിപാടികൾ വിജയപ്പിക്കുന്നതിൽ രൂപതാതലത്തിൽ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് സംസ്ഥാന വർക്കിംഗ് കമ്മറ്റി അഭ്യർത്ഥിച്ചു.

## കേരള ലേബർ മൂവ്മെന്റ്

### KLM 31/15 തൊഴിലാളി സംഗമം നടത്തി

കേരള ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ തൊഴിലാളി സംഗമം തോപ്രാംകുടി യുവറാണി ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപതാ

ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം സ്വാഗതമാശംസിച്ചു. യോഗത്തിൽ 432 പേർ പങ്കെടുത്തു.

**KLM 32/15 വിദ്യാർത്ഥികളെ ആദരിച്ചു**

SSLC, +2 പരിക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ വാങ്ങിയ വിദ്യാർത്ഥികളെ മെമൊന്റോ നൽകി ആദരിച്ചു. SSLC കുട്ടികൾക്ക് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിലും +2 കുട്ടികൾക്ക് റോഷി അഗസ്റ്റ്യൻ MLA യും ഉപഹാരങ്ങൾ നൽകി.

**KLM 33/15 ഗിരിജ്യോതി ഫാം ഫ്രണ്ട്സ് അംഗങ്ങളെ ആദരിച്ചു**

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനം നടത്തുന്ന കനകക്കുന്ന് ഗിരിജ്യോതി ഫാം ഫ്രണ്ട്സ് അംഗങ്ങൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സലോമി ഉലഹന്നാൻ ഉദ്ഘാടനം നിർവ്വഹിച്ചു.

**KLM 34/15 സഭാ ജീവനക്കാരെ ആദരിച്ചു**

വിവിധ ഇടവകകളിൽ സേവനം അനുഷ്ടിക്കുന്ന കപ്യാർമാർ ഉൾപ്പെടെയുള്ള സഭാ ജീവനക്കാരെ തോപ്രാംകുടിയിൽ നടന്ന യോഗത്തിൽ ആദരിച്ചു. പടമുഖം സ്നേഹമന്ദിരം ഡയറക്ടർ വി.സി. രാജു ഉപഹാരങ്ങൾ നൽകി.

**KLM 35/15 പഠനോപകരണങ്ങൾ നൽകി**

നിർദ്ദനരായ കുട്ടികൾക്ക് നൽകുന്ന പഠനോപകരണങ്ങളുടെ വിതരണം മൂങ്ങാപ്പാറ അംഗൻവാടി വർക്കർ ഗീതയ്ക്ക് നൽകി. കെ.എൽ.എം. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി ഉദ്ഘാടനം നിർവ്വഹിച്ചു.

**KLM 36/15 കൊക്കോ കർഷകരെ ആദരിച്ചു**

തിരഞ്ഞെടുക്കപ്പെട്ട മികച്ച കൊക്കോ കർഷകരെ വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ സെലിൻ മാത്യു കുഴിഞ്ഞാലിൽ ആദരിച്ചു.



**KLM 37/15 കർഷകമിത്ര വനിതാ ഫോറം ഉദ്ഘാടനം ചെയ്തു**

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച കർഷകമിത്ര തൊഴിലാളി വനിതാ ഫോറത്തിന്റെ ഉദ്ഘാടനം രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു.

**KLM 38/15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ കീഴിലുള്ള തൊഴിലാളി ഫോറങ്ങളിലുള്ള അംഗങ്ങളുടെ കുട്ടികൾക്ക് ഗവൺമെന്റ് നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷ അയയ്ക്കേണ്ട സമയം ജൂലൈ 10 വരെയാണ്.

**KLM 38/15 മികച്ച കുടുംബശ്രീ അംഗങ്ങളെ ആദരിച്ചു**

മികച്ച പ്രവർത്തനം നടത്തുന്ന വാത്തിക്കുടി പഞ്ചായത്തിലെ മൂങ്ങാപ്പാറ കുടുംബശ്രീ അംഗങ്ങളെ ഉപഹാരങ്ങൾ നൽകി തോപ്രാംകുടി ആപ്കോസ് പ്രസിഡന്റ് സാജു കാരക്കുന്നേൽ ആദരിച്ചു.

**KLM 39/15 കെ.എൽ.എം. സഭാ ജീവനക്കാരുടെ യോഗം**

കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സഭാ ജീവനക്കാരുടെ പുതിയ രൂപതാ കമ്മറ്റിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് യോഗം ജൂലൈ 28 ന് രാവിലെ 11.00 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ നടക്കും. യോഗത്തിൽ എല്ലാ ഇടവകകളിലേയും കപ്യാർമാരെ പങ്കെടുപ്പിക്കുവാൻ വികാരിമാർ ശ്രദ്ധിക്കുമല്ലോ.



## അറിയിപ്പുകൾ

## DIVINE VISION

Divine-Potta Television Ministry
Muringoor-680 309, Thrissur

ഗുഡ്നെസ് ടിവിയുടെ ജനപ്രിയ ക്രിസ്റ്റ്യൻ മ്യൂസിക്ക് റിയാലിറ്റി ഷോ പ്രോഗ്രാം ആയ Voice of Goodness Season 1-ന് ശേഷം Voice of Goodness Season 2 - Junior ഉടൻ ആരംഭിക്കുന്നു.

ഗുഡ്നെസ് ടിവി ഇപ്പോൾ ഏഷ്യാനെറ്റ് കേബിളിൽ 672-ാം നമ്പറിലും, വീഡിയോകോൺ 649 നമ്പറിലും, എയർടെൽ 832 നമ്പറിലും, കേരളാവിഷൻ 36 നമ്പറിലും, ഡെൻ നെറ്റ്‌വർക്ക് 637 ലും കൂടാതെ, പ്രാദേശിക നെറ്റ് വർക്കുകളിലും ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് : 9747155577

### ആ മനുഷ്യൻ ഞാൻ തന്നെ

**പോൾ തേലക്കാട്ട് എഴുതിയ ശ്രേഷ്ഠ ഗ്രന്ഥം**

ഏതു വിഷയത്തെക്കുറിച്ചും നാല് വാക്ക് ആധികാരികമായി പറയാൻ സഹായത്തിനായി ഒരമൂല്യ ഗ്രന്ഥം. ഈ പുസ്തകത്തിലെ നാലോ അഞ്ചോ ലേഖനങ്ങൾ വായിച്ചാൽ ഏത് അരങ്ങിലും വിഷയ ദാരിദ്രമില്ലാതെ പ്രഭാഷണം നടത്താൻ കഴിയും. വേദശബ്ദമെന്നോ വേദവിചാരമെന്നോ വിശേഷിപ്പിക്കാവുന്ന വചനശുശ്രൂഷയാണ് ഈ പുസ്തകം. നമ്മുടെ ആത്മസ്ഥിതി പുസ്തകമായി മാറുന്ന ആയുസ്സിന്റെ രചനയായ ഈ പുസ്തകം സ്വന്തമാക്കാൻ സുവർണ്ണാവസരം.

1100 പുറങ്ങൾ, 1/8 ഡെമി ഡബ്ള്‍ഫ്ളാപ്പ് കവർ. മുഖവില 890 രൂപ. ആഗസ്റ്റ് 31-ന് മുമ്പ് ഓർഡർ ചെയ്യുന്നവർക്ക് 690 രൂപ. പോസ്റ്റേജ് സൗജന്യം.

For copies, Please contact:
Biblia Academy and Publications, Aloor-Kallettumkara, 680683, Trissur Dt.
Phone: 9495256974, 9562624961, 9946921214



### എസ്.എച്ച്. ലീഗ് പുസ്തമേള

എസ്.എച്ച്. ലീഗിന്റെ ഈ വർഷത്തെ പുസ്തമേള 2015 ജൂൺ 15 മുതൽ ജൂലൈ 15 വരെ ആലുവ മംഗലപ്പുഴ സെമിനാരിയിൽ നടത്തുന്നു. ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾക്ക് 10% മുതൽ 50% വരെ വിലക്കുറവ്. പ്രവർത്തന സമയം 9.00 a.m. മുതൽ 4.00 p.m. വരെ.

## INNER HEALING RETREAT

An INNER HEALING RETREAT (in English) is arranged for Priests & Religious at the Divine Retreat Centre led by Rev. Fr. Mathew Naickomparambil VC, Rev. Fr. Jacob Arimpur and Fr. Augustine Vallooran VC. The retreat begins at 6 p.m. on Sunday, 1st November 2015 and ends by 2 p.m. on Friday, 6th November 2015.

Another Special Retreat and Formation for Spiritual Leadership (in English) is arranged for priests, religious and lay leaders on 2nd August, 2015 Sunday (6.00 p.m.) to 7th August, 2015 Friday (2 p.m.). Those who are interested may contact Divine Retreat Centre Muringoor: Tel. 0480 2708098 / 2708193; Email: augustinedivine@gmail.com

## Region-wise Competition on Drawing an Emblem for the CBCI Council for Women

In the National Meeting of the CBCI Council for Women, held in Murnbai from ll-14 December 2014, it was suggested that the CBCI Council for Women should have an emblem that speaks of the commitment of the Catholic Church to women empowerment and the inclusion of women. In order

to create awareness among the people, it was also proposed that we could conduct a region-wise competition for the same and the best of three among them can be rewarded with a cash prize.

Consequently, we humbly request each region to participate in this competition by sending emblems prepared by the respective region/diocese/parish. The emblems should reach the office of the CBCI Council for women, Delhi on or before 31 August 2015, with an official attestation from any of the

Regional/Diocesan office bearers on the same. The cash reward will be for the first, second and third among the contestants.

Further, the emblern must embody and indicate the VISION, MISSION, and OBJECTIVES of the CBCI Council for Women, especially the commitrnent of the catholic church to women empowerment, and the inclusion rlf women.

The amount of the cash prize will be as follows: 1st Prize: Rs. 5000; 2nd Prize: Rs. 2000 and 3rd Prize: Rs.1000

Let us participate in this venture with a competitive spirit. we humbly request your excellcnt co-operation and collaboration in this competition.

Most Rev Jacob Mar Barnabas
Chairperson, CBCI Council for Women



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ 2015**

03-04 മൂവാറ്റുപുഴയിൽ നടത്തിയ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

07 വെള്ളയാംകുടി ഇടവകയിൽ വൈദിക മന്ദിരത്തിന് ശിലാസ്ഥാപനം നിർവ്വഹിച്ചു.

09 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന ഇടുക്കി രൂപത വൈദിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കുകയും ചർച്ചകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

* അടിമാലിയിൽ പുതുതായി നിർമ്മിച്ച പ്രീസ്റ്റ് ഹോമിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

10-11 കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

13 കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ കൗൺസിൽ ഉദ്ഘടാനം ചെയ്തു.

* വാഴത്തോപ്പിൽ നടന്ന സമർപ്പിത സംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

14 കാക്കനാട്ട് ഗൈനക്കോളജി ഡോക്ടർമാരുടെ സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നല്കി.

20 തോപ്രാംകുടിയിൽ നടന്ന കേരള ലേബർ മൂവ്മെന്റ് ഉദ്ഘാടനം ചെയ്തു.

20-21 മറയൂർ സഹായഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

# BISHOP'S ENGAGEMENTS

## July 2015

| ദിവസം | സ്ഥലം | കാര്യപരിപാടികൾ |
|---|---|---|
| 01 | ആലുവ | സെമിനാരി |
| 11 | അടിമാലി | പാസ്റ്ററൽ കൗൺസിൽ |
| 11-12 | മുട്ടുകാട് | ഇടയനടുത്ത സന്ദർശനം |
| 13 | അടിമാലി | യുവ വൈദിക പരിശീലന പരിപാടി |
| 17 | അടിമാലി | കെ.സി.എസ്.എൽ |
| 18-19 | പൊട്ടൻകാട് | ഇടയനടുത്ത സന്ദർശനം |
| 25-26 | ബൈസൻവാലി | ഇടയനടുത്ത സന്ദർശനം |
| 25 | വാഴത്തോപ്പ് | മിഷൻ ലീഗ് രൂപത കൗൺസിൽ |
| * | രാജകുമാരി | മാമ്മോദീസ |
| 30 | കാക്കനാട് | |

